

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നാവായിക്കുളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജി.പി.12/2017/25

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 17/12/2025
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നാവായിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

(ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജി.പി.12/2017/25 തീയ്യതി: 17/12/2025

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. പ്രതാപ്കുമാർ ആർ.	ഡെപ്യൂട്ടി ഡയറക്ടർ	17-09-2025	27-09-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
17-09-2025	27-09-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പി. എസ്., ഓഡിറ്റ് ഓഫിസർ(ഹ.ഗ്രേ)

ശ്രീമതി ലേഖ എം. എൽ., അസിസ്റ്റന്റ ഓഡിറ്റ ഓഫിസർ
ശ്രീ.സജേഷ് എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശരത് ജെ. ശങ്കർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അരുൺ കെ. ഗോപി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ബേബി രവീന്ദ്രൻ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ കെ രവീന്ദ്രൻ പിള്ള	സെക്രട്ടറി	01-04-2024	16-01-2025
ശ്രീമതി ബെറ്റി ജെ ട്രീസ	സെക്രട്ടറി	17-01-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ കൈലാസ് എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി മറിയ എം ബേബി	ICDS സൂപ്പർവൈസർ	01-04-2024	12-08-2024
ശ്രീമതി മിലി മോഹൻ	ICDS സൂപ്പർവൈസർ	13-08-2024	31-03-2025
ശ്രീമതി ഷീജ അമ്മ	ഹെഡ്മിസ്ട്രസ്സ്	01-04-2024	26-02-2025
ശ്രീമതി ഗീതാഞ്ജലി	ഹെഡ്മിസ്ട്രസ്സ്	27-02-2025	31-03-2025
ഡോ സൈറ വി എസ്	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	12-01-2025
ഡോ ഗോപിക യു കെ	മെഡിക്കൽ ഓഫീസർ, ആയുർവേദം	13-01-2025	31-03-2025
ഡോ ശ്രുതി എസ്	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ഡോ സന്തോഷ് രാജ് എസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ഡോ സുരേഷ് കുമാർ എസ്	മെഡിക്കൽ ഓഫീസർ, PHC	01-04-2024	19-12-2024
ഡോ രാമകൃഷ്ണബാബു	മെഡിക്കൽ ഓഫീസർ, PHC	20-12-2024	21-01-2025
ഡോ സരിക	മെഡിക്കൽ ഓഫീസർ, PHC	22-01-2025	31-03-2025
ഡോ ജിത വി ആർ	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2024	31-03-2025

ശ്രീമതി രമ്യ ചന്ദ്രൻ	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീ പ്രദീപ് കുമാർ വി. ആർ.	വി. ഇ. ഒ. ഗ്രേഡ് - 1	01-04-2024	31-03-2025
ശ്രീ വിഷ്ണു ആർ.	വി. ഇ. ഒ. ഗ്രേഡ് - 2	01-04-2024	19-09-2024
ശ്രീമതി കീർത്തി പി. ആർ.	വി. ഇ. ഒ. ഗ്രേഡ് - 1	20-09-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	വിവിധ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	വാർഷിക കണക്കുകളുടെ ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ല	1-1-2
4	പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല	1-1-3
5	പൂർത്തീകരിക്കാത്ത ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല	1-1-4
6	ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസ്	1-1-5
7	ലോൺ രജിസ്റ്റർ കാലികമല്ല	1-1-6
8	ബാധ്യതകൾ ക്രമീകരിച്ചിട്ടില്ല	1-1-7
9	ഡിപ്രീസിയേഷന് ആസ്തികളെക്കാൾ ഉയർന്ന മൂല്യം നൽകി	1-1-8
10	ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക ഇവയിലെ ചെലവ് തുക പൊരുത്തപ്പെടുന്നില്ല	1-1-9
11	ഡെപ്പോസിറ്റ് ചെയ്ത ചെക്കുകൾ മാറിയിട്ടില്ല	1-1-10
12	ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമല്ല	1-1-11
13	സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നില്ല	1-1-12
14	വസ്തുനികുതിയുടെ ഡിമാന്റിൽ നിന്നും കുറവ് ചെയ്തത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല	1-1-13
15	Arrear Demand തുക വിവിധ പത്രികകളിലേത് പൊരുത്തപ്പെടുന്നില്ല	1-1-14
16	ആസ്തി നിർമ്മാണത്തിനായി രേഖപ്പെടുത്തിയിട്ടുള്ള തുക രേഖകളുമായി പൊരുത്തപ്പെടുന്നില്ല	1-1-15
17	ഹെഡ് മാറി രസീത് ചെയ്തു	1-1-16
18	U/C കിട്ടിയ തുക ബാലൻസ് ഷീറ്റിൽ നിന്നും ഒഴിവാക്കിയിട്ടില്ല	1-1-17
19	ബജറ്റ്	1-2
20	സാമ്പത്തിക വിശകലനം	1-3
21	ഗ്രാന്റ് വിനിയോഗം	1-4
22	പദ്ധതി അവലോകനം	1-5
23	ക്ഷേമ പെൻഷൻ	1-6
24	ക്യാഷ് പരിശോധന	1-7
25	ജനറൽ കമ്മിറ്റി യോഗ നടപടിക്രമങ്ങളുടെ മിനിട്സ് സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല	1-8-1
26	ആഭ്യന്തര നിയന്ത്രണം	1-8
27	MGNREGA വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകൽ - അപാകതകൾ	1-9-1
28	MGNREGS പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല	1-9-2
29	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-9

30	കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്യുന്നില്ല	1-10-1
31	ഡാറ്റാ എൻട്രിയും കെ-സ്മാർട്ട് പോർട്ടിംഗും പൂർത്തീകരിച്ചിട്ടില്ല	1-10-2
32	അൺഎയ്ഡഡ് സ്കൂളുകളിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നില്ല	1-10-3
33	കെട്ടിടങ്ങളുടെ നികുതി കണക്കാക്കിയതിൽ അപാകം	1-10-4
34	വസ്തു നികുതി പരിഷ്കരണം - എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്കിൽ വസ്തു നികുതി നിർണയിച്ചില്ല	1-10-5
35	കെട്ടിടങ്ങളുടെ ഇളവ് നൽകൽ - അപാകങ്ങൾ	1-10-6
36	വസ്തു നികുതിയുടെ വാർഷിക വർദ്ധനവ് നൽകാതെ നികുതി ഡിമാന്റ് ചെയ്തു	1-10-7
37	നിയമാനുസൃതമല്ലാത്ത നിർമ്മാണം - രേഖകളുടെ സൂക്ഷിപ്പിലും തുടർ നടപടികളിലും അപാകം	1-10-8
38	വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല	1-10-9
39	വസ്തു നികുതി - അപാകങ്ങൾ	1-10
40	തനത് വരുമാനം - നികുതി നികുതിയേതര കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ അപാകം	1-10-10
41	തനത് വരുമാന വർദ്ധനവ് - ധനകാര്യ കമ്മീഷൻ ശുപാർശകൾ പ്രകാരമുള്ള സർക്കാർ നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടില്ല	1-11
42	തൊഴിൽ നികുതി - അപാകതകൾ	1-12
43	വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിലെ അപാകം	1-13
44	സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു	1-14
45	വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല	1-15
46	പ്രവൃത്തി പൂർത്തീകരണം - വൈകിയ കാലയളവിന്റെ പിഴ - തുക ഈടാക്കിയിട്ടില്ല	1-16
47	ജലജീവൻ മിഷൻ - അവലോകനം	1-17
48	വയോജനങ്ങൾക്ക് കട്ടിൽ നല്കൽ - സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചിട്ടില്ല	1-18
49	മൃഗാശുപത്രിക്ക് ഫർണിച്ചർ വാങ്ങൽ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല	1-19
50	ബഡ്സ് സ്കൂൾ പ്രവർത്തനം - അവലോകനം	1-20
51	മരുന്ന് വാങ്ങൽ - ജി.എസ്.ടി. - ടി.ഡി.എസ്. - കുറവ് ചെയ്തില്ല	1-21
52	ഇ.എം.എസ്. ഭവന പദ്ധതി - ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചതിന്റെ പൂർണമായ വിവരം ലഭ്യമാക്കിയില്ല	1-22
53	ഭവന പുനരുദ്ധാരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ	1-23
54	ജീ ബിൻ സ്ഥാപിക്കൽ - ജി.എസ്.ടി. - ടി.ഡി.എസ്. ഈടാക്കിയിട്ടില്ല	1-24

55	ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല	1-25
56	ഹെൽത്ത് ഗ്രാന്റ് വിനിയോഗം	1-26
57	ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല - 44,008/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു	1-27
58	വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - 8,43,517/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-28
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം വിവരങ്ങൾ	4-1
2	സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1-1 വിവിധ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല

2024-25 വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ, ആയവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്കള്ള (നം. 16) മറുപടിയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു.

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല. നിലവിലെ കെ-സ്മാർട്ട് സോഫ്റ്റ് വെയർ മുഖേന ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **നാവായിക്കുളം ഗ്രാമ**പഞ്ചായത്തിന്റെ **2025 മാർച്ച് 31**-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 07.08.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-25** വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ **31.03.2025**ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2025ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ല

പഞ്ചായത്തിന്റെ വരുമാനവും ചെലവുകളും ക്രമീകരിച്ച (പഞ്ചായത്ത് ഫണ്ട് നിർണയം) ബി-1 ഷെഡ്യൂളിന്റെ വിശദമായ പത്രിക വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ILGMS സോഫ്റ്റ് വെയറിൽ പ്രസ്തുത റിപ്പോർട്ട് ലഭ്യമല്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

1-1-3 പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വിവിധ വരവുകളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

ഹെഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ തീയതി
110100101	Property Tax On Residential Building	31.03.2025
110100102	Property Tax On Non Residential Building	
110200101	Profession Tax Institution	
110200105	Profession Tax Traders	

വരും വർഷങ്ങളിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി യഥാസമയം രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-1-4 പൂർത്തീകരിക്കാത്ത ചെലവുകൾക്ക് ബാലൻസ് ഷീറ്റിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല

2024-25 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാത്ത ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല (ഉദാ:- ഇന്ധന ചെലവ്, ജനപ്രതിനിധികൾക്കുള്ള ഹോണറേറിയം). വരും വർഷങ്ങളിൽ പ്രസ്തുത അപാകത പരിഹരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-1-5 ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസ്

ചുവടെ ചേർക്കുന്ന അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് പ്രകാരം ക്രെഡിറ്റ് ബാലൻസ് കാണിക്കുന്നു.

IDBI SBM Phase 2(1199104000087540) 26.06.2024 മുതൽ 30.03.2025 വരെ. യഥാസമയം വരവ് രേഖപ്പെടുത്താൻ കഴിയാത്തതിനാലാണ് ക്രെഡിറ്റ് ബാലൻസ് വന്നതെന്നാണ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയത്. വരവ് തുകകൾ യഥാസമയം ബാങ്ക് ബുക്കിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-1-6 ലോൺ രജിസ്റ്റർ കാലികമല്ല

ലോൺ വരവും വിതരണവും സംബന്ധിച്ച വിവരങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. തിരിച്ചടവ് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ലോൺ രജിസ്റ്റർ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

1-1-7 ബാധ്യതകൾ ക്രമീകരിച്ചിട്ടില്ല

2023-24 വർഷത്തെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയ ചുവടെ ചേർക്കുന്ന തുകകൾ 2024-25 വർഷവും ക്രമീകരിച്ചിട്ടില്ല.

ഹെഡ് കോഡ്	ഇനം	തുക (രൂ.)
350110199	Other Employee Liabilities Payable	3,854
350200119	Recoveries Payable - Covid	1,67,400
350200203	Recoveries Payable – KCWWF	2,462
350300103	Government And Other Dues Payable – Value Added Tax	6,618
350300104	Government And Other Dues Payable – Service Tax	1,000
350300108	Government And Other Dues Payable – Royalty	2,016
350300111	Government And Other Dues Payable – Flood Cess	581

ബാധ്യതയായി രേഖപ്പെടുത്തിയ തുകകൾ അടവാക്കി ബാധ്യത ഒഴിവാക്കി അപാകത പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ വിവിധ ഇനങ്ങളിൽ ഈടാക്കിയ തുകകൾ അതാത് സ്ഥാപനങ്ങളിൽ ഒടുക്ക് വരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-1-8 ഡിപ്രീസിയേഷന് ആസ്തികളെക്കാൾ ഉയർന്ന മൂല്യം നൽകി

ബാലൻസ് ഷീറ്റ് B-11 പ്രകാരം Other Fixed Assets-ന്റെ മൂല്യം 4,93,622/- രൂപ എന്നാണ് ചേർത്തിട്ടുള്ളത്. എന്നാൽ B-11(a) പ്രകാരം Accumulated Depreciation – Other Fixed Assets - 5,46,198/- രൂപ ആണ്. ആസ്തികളേക്കാൾ ഉയർന്ന മൂല്യം ഡിപ്രീസിയേഷന് കണക്കാക്കിയത് എങ്ങനെയെന്ന് വ്യക്തമല്ല. ആസ്തികൾ ഉൾപ്പെടുത്താൻ വിട്ടുപോയതാണെന്നും വരുംവർഷങ്ങളിൽ പരിഹരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1-1-9 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക ഇവയിലെ ചെലവ് തുക പൊരുത്തപ്പെടുന്നില്ല

ചുവടെ പറയുന്ന ഇനങ്ങളുടെ ചെലവ്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഇനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ്	AFS പ്രകാരം ചെലവ്
ധനകാര്യ കമ്മിഷൻ ഗ്രാന്റ് (Tied)	രൂ.82,57,797/-	രൂ.82,17,797/-
ധനകാര്യ കമ്മിഷൻ ഗ്രാന്റ് (Untied)	രൂ.46,55,551/-	രൂ.46,90,605/-

അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അപാകത പരിഹരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

1-1-10 ഡെപ്പോസിറ്റ് ചെയ്ത ചെക്കുകൾ മാറിയിട്ടില്ല

IOB (76501000008034) അക്കൗണ്ടിൽ 7,000/- രൂപ SBI (37443970732) അക്കൗണ്ടിൽ 66,050/- രൂപ എന്നീ തുകകൾ ILGMS-ൽ Cheque Deposited But Not Cleared എന്ന് കാണുന്നു. ഇതിൽ ഇ-പേയ്മെന്റ് ആയി ലഭിച്ച 66,050/- രൂപ IKM-ന്റെ വസ്തുനികുതി ഇ-പേയ്മെന്റ് രസീതിൽ ഉൾപ്പെട്ടിരുന്നെങ്കിലും ബാങ്കിൽ ക്രെഡിറ്റ് ആയിട്ടില്ല എന്നും ആയത് പരിഹരിക്കുന്നതിന് IKM-ൽ

പരാതി നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. തുക അക്കൗണ്ടിൽ ക്രെഡിറ്റ് ആക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-1-11 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമല്ല

ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂളിൽ Suppliers Retention എന്ന ഇനത്തിൽ ധനകാര്യ പത്രികയിൽ ചേർത്തിട്ടുള്ള 11,468/- രൂപയുടെ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ ലഭ്യമല്ല. ആയത് രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വിട്ടുപോയതാണെന്ന് അറിയിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

1-1-12 സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 58(4) (എ)) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ 2024-25 വർഷാന്ത്യം പഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണ്ണയം നടത്തി B-14 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

1-1-13 വസ്തുനികുതിയുടെ ഡിമാന്റിൽ നിന്നും കുറവ് ചെയ്തത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ ഐ-19 ഷെഡ്യൂൾ പ്രകാരം Prior Period Income – Property Tax എന്ന ഹെഡ് മുഖേന 24,918/- രൂപ വസ്തുനികുതിയുടെ ഡിമാന്റിൽ നിന്നും ചുവടെപ്പറയും പ്രകാരം കുറവു ചെയ്തിട്ടുണ്ട്. ആയത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഇനം	വൗച്ചർ നം.	തീയതി	തുക (രൂ.)
Receivables For Property Tax On Residential Buildings (Current)	42401773	31.03.205	524
Receivables For Property Tax On Non Residential Buildings (Current)	42401773	31.03.2025	24,394

1-1-14 Arrear Demand തുക വിവിധ പത്രികകളിലേത് പൊരുത്തപ്പെടുന്നില്ല

Property Tax On Residential Building, Non Residential Building എന്നിവയിലെ Arrear Demand തുക വാർഷിക ധനകാര്യ പത്രികയിലേതും സഞ്ചയ സോഫ്റ്റ്വെയറിലേതും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അപാകത വരും വർഷങ്ങളിൽ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഇനം	ധനകാര്യ പത്രിക ബി-15 ഷെഡ്യൂൾ പ്രകാരം	DCB സ്റ്റേറ്റ്മെന്റ് പ്രകാരം
Property Tax On Residential Buildings	രൂ.2,10,529/-	രൂ.7,07,286/-
Property Tax On Non Residential Buildings	രൂ.5,92,674/-	രൂ.5,14,264/-

1-1-15 ആസ്തി നിർമ്മാണത്തിനായി രേഖപ്പെടുത്തിയിട്ടുള്ള തുക രേഖകളുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രികയിലെ B-11(b)യിൽ Capital Work In Progress ആയി ചേർത്തിട്ടുള്ളത് 15,27,589/- രൂപ ആണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയർ ഹാജരാക്കിയ പാർട്ട് ബിൽ സ്റ്റേറ്റ്മെന്റ് പ്രകാരം 11,16,629/- രൂപയാണ് തൻവർഷം ആസ്തി നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുള്ളത്.

1-1-16 ഹെഡ് മാറി രസീത് ചെയ്തു

തൻവർഷത്തെ തെരുവ് വിളക്ക് മെയിന്റനൻസ് എന്ന പദ്ധതിയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റായ (ഹെഡ് – 340100202) 12,500/- രൂപ പ്രസ്തുത ഹെഡിൽ രസീത് ചെയ്തിട്ടില്ല.

ഹെഡ് മാറി (ഹെഡ് – 340100202) Suppliers EMD-യിൽ വരവ് വെച്ചു എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

1-1-17 U/C കിട്ടിയ തുക ബാലൻസ് ഷീറ്റിൽ നിന്നും ഒഴിവാക്കിയിട്ടില്ല

2023-24 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 7,04,001/- രൂപ നിക്ഷേപ പ്രവൃത്തിയുടെ നിർവ്വഹണത്തിനായി അനർട്ടിന് കൈമാറിയിട്ടുണ്ട്. 12.12.2024ൽ പ്രസ്തുത തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം അനർട്ടിൽ നിന്നും ലഭ്യമായിട്ടുമുണ്ട്. എന്നാൽ തൻവർഷത്തെ ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂൾ പ്രകാരവും 7,04,001/- രൂപ ശേഷിക്കുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത തുക കണക്കിലെടുക്കാൻ വിട്ടുപോയതായി ഓഡിറ്റ് എൻകയറി നം.20ന്റെ മറുപടിയായി അറിയിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിൽ ആയത് ക്രമീകരിക്കേണ്ടതാണ്.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

	ബജറ്റ്	പുതുക്കിയ ബജറ്റ്
അംഗീകരിച്ച തീയതി	15.02.2024	20.02.2025
ഭരണ സമിതി തീരുമാനം	1(1)	3(1)
മുന്നിരിപ്പ്	രൂ.4,20,14,855	രൂ.4,20,14,855
പ്രതീക്ഷിത വരവ്	രൂ.96,18,48,000	രൂ.95,25,40,233
ആകെ	രൂ.1,00,38,62,855	രൂ.99,45,55,088
പ്രതീക്ഷിത ചെലവ്	രൂ.95,21,97,000	രൂ.95,90,08,914
നീക്കിയിരിപ്പ്	രൂ.5,16,65,855	രൂ.3,55,46,174

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	രൂ.11,65,37,125
വരവ്	രൂ.12,17,33,742
ആകെ	രൂ.23,82,70,867
ചെലവ്	രൂ.9,51,24,354
നീക്കിയിരിപ്പ്	രൂ.14,31,46,513

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്, ചെലവ് വിവരങ്ങൾ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാന്റ്	മുന്നിരിപ്പ്	വരവ് (രൂ.)	ആകെ (രൂ.)	ചെലവ് (രൂ.)	നീക്കിയിരിപ്പ് (രൂ.)
വികസന ഫണ്ട് (ജനറൽ)	0	3,26,19,494	3,26,19,494	3,07,70,392	18,49,102
വികസന ഫണ്ട് (എസ്.സി.പി)	0	1,25,34,365	1,25,34,365	1,68,07,449	-42,73,084
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	1,46,43,607	1,46,43,607	82,57,797	63,85,810
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	66,78,157	66,78,157	46,55,551	20,22,606
മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം	0	95,89,000	95,89,000	86,18,333	9,70,667

മെയിന്റനൻസ് ഗ്രാന്റ് - റോഡ്	0	4,52,20,000	4,52,20,000	2,63,20,311	1,88,99,689
കേന്ദ്രാവിഷ്കൃത ഫണ്ട്	0	0	0	18,70,732	-18,70,732
സംസ്ഥാനാവിഷ്കൃത ഫണ്ട്	0	0	0	18,00,000	-18,00,000

*സോഴ്സ് ഡിഡക്ഷൻ തുക വികസന ഫണ്ട് ജനറൽ, എസ്.സി.പി. ഇനങ്ങളിൽ വരവായി ഉൾപ്പെടുത്താതെയും ചെലവിൽ ഉൾപ്പെടുത്തിയുമാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടുള്ളത്.

* കേന്ദ്രാവിഷ്കൃത ഫണ്ട്, സംസ്ഥാനാവിഷ്കൃത ഫണ്ട് എന്നിവയുടെ മുന്നിരിപ്പ്, വരവ് എന്നിവയും സി.എഫ്.സി. ഗ്രാന്റിന്റെ മുന്നിരിപ്പും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-5 പദ്ധതി അവലോകനം

1) 2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ)

ക്രമ നം.	നിർവ്വഹണം	അംഗീകാരം ലഭിച്ചത്	നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പദ്ധതി അടങ്കൽ (രൂ.) (മറ്റുള്ളവ ഒഴികെ)	പദ്ധതി ചെലവ് (രൂ.) (മറ്റുള്ളവ ഒഴികെ)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
1	കൃഷി ഓഫീസർ	19	19	-	58,21,738	48,48,222	83%
2	വെറ്ററിനറി സർജൻ	8	7	1	30,27,408	14,57,955	48%
3	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	34	32	2	89,10,855	71,40,733	80%
4	മെഡിക്കൽ ഓഫീസർ, ആയുർവേദം	6	6	-	14,29,612	14,23,247	99.6%
5	മെഡിക്കൽ ഓഫീസർ, ഹോമിയോ	4	4	-	3,61,676	3,33,946	92%
6	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	21	18	3	1,03,29,530	77,21,965	74.8%
7	സെക്രട്ടറി	65	30	35	3,59,76,921	1,64,12,630	45.6%
8	ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്.	10	9	1	39,48,082	24,46,937	62%
9	വി.ഇ.ഒ.	23	16	7	2,34,84,515	1,15,60,960	49.2%
10	അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി.	164	102	62	8,99,74,632	4,93,01,092	54.8%
11	ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	-	36,96,089	16,20,313	43.8%
12	അസി. സെക്രട്ടറി	18	10	8	74,30,256	42,83,929	57.6%
13	വി.ഇ.ഒ./എൽ.വി.ഇ.ഒ.	9	8	1	7,40,19,600	1,30,64,000	17.6%

അംഗീകാരം ലഭിക്കുന്ന പദ്ധതികൾ തൻവർഷം തന്നെ നടപ്പാക്കാൻ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക (രൂ.)	ചെലവ് തുക (രൂ.)	ശതമാനം
പൊതുവിഭാഗം (ജനറൽ)	4,32,94,814	3,07,70,392	71%

എസ്.സി.പി.	2,15,85,265	1,68,07,449	78%
ടി.എസ്.പി.	-	-	-
ധനകാര്യ കമ്മീഷൻ അവാർഡ്	2,66,50,862	1,29,13,348	48%
കേന്ദ്രാവിഷ്കൃത ഫണ്ട്	1,02,96,872	18,70,732	18%
സംസ്ഥാനാവിഷ്കൃത ഫണ്ട്	2,43,00,000	18,00,000	7%
തനത് ഫണ്ട്	4,35,75,896	1,58,37,180	36%
മറ്റ് ബ്ലോക്ക്പഞ്ചായത്ത്	1,61,15,310	52,55,706	33%
ജില്ലാപഞ്ചായത്ത്	1,84,87,037	6,94,497	4%
മെയിന്റനൻസ് റോഡ്	5,08,03,108	2,63,20,311	52%
മെയിന്റനൻസ് റോഡിതരം	1,12,80,424	86,18,333	76%
മറ്റുള്ളവ	5,56,72,150	48,46,455	9%

1-6 ക്ഷേമ പെൻഷൻ

2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (രൂ.)	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽ രഹിത വേതനം	720	1
കർഷക തൊഴിലാളി പെൻഷൻ	32,14,600	207
വിധവ പെൻഷൻ	2,56,09,100	1854
വാർദ്ധക്യകാല പെൻഷൻ	6,11,91,300	4432
വികലാംഗ പെൻഷൻ	77,02,100	495
വിവാഹ ധനസഹായം	2,10,000	7
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	2,65,200	20

1-7 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.09.2025 തീയതിയിൽ 3.30 PM സമയത്ത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,418/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-8-1 ജനറൽ കമ്മിറ്റി യോഗ നടപടിക്രമങ്ങളുടെ മിനിട്സ് സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (1995ലെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 ഉപചട്ടം 6 പ്രകാരം പഞ്ചായത്തിൽ പാസാക്കിയ തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48 മണിക്കൂറിനുള്ളിൽ പഞ്ചായത്തിലെ എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതും ഉപചട്ടം 8 പ്രകാരം യോഗ നടപടിക്കുറിപ്പുകളുടെ കരട് സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതുമാണ്. കൂടാതെ കരട് അധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ചുനൽകേണ്ടതും അധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാൽ ഉടൻ തന്നെ അത് മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതും അതിന്റെ പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണെന്ന് ഉപചട്ടം 9, 10 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ 2025ലെ മിനിട്സ് പരിശോധിച്ചതിൽ ചുവടെ പറയുന്ന

തീയതികളിലെ മിനിട്സുകൾ നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല എന്ന് കാണുന്നു.

ക്രമ നം.	യോഗ നമ്പർ	യോഗ തീയതി	യോഗ വിഭാഗം	യോഗ സ്വഭാവം
1	27	14.08.2025	ഭരണ സമിതി യോഗം	അടിയന്തിര യോഗം/പ്രത്യേക യോഗം
2	28	23.08.2025	ഭരണ സമിതി യോഗം	സാധാരണ യോഗം
3	29	25.08.2025	ഭരണ സമിതി യോഗം	അടിയന്തിര യോഗം/പ്രത്യേക യോഗം
4	30	10.09.2025	ഭരണ സമിതി യോഗം	അടിയന്തിര യോഗം/പ്രത്യേക യോഗം
5	31	20.09.2025	ഭരണ സമിതി യോഗം	അടിയന്തിര യോഗം/പ്രത്യേക യോഗം

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻകയറിക്ക് (നം. 18/തീ.24.09.2025) ഒരാഴ്ചയ്ക്കുള്ളിൽ മിനിട്സ് പൂർത്തിയാക്കുന്നതാണെന്ന് അറിയിച്ചു. കേരള പഞ്ചായത്ത് രാജ് (1995ലെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 ഉപചട്ടം 6 പ്രകാരമുള്ള നിബന്ധനകൾ കൃത്യമായും പാലിക്കേണ്ടതാണ്.

1-8 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിൽ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും ചില ന്യൂനതകളും കാണുന്നു. എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർത്ത് ഓഫീസ് പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നു. എന്നാൽ ഫയലുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. കെ-സ്മാർട്ട് പ്രകാരം നിലവിൽ 2034 ഫയലുകൾ നടപടി എടുക്കാൻ അവശേഷിക്കുന്നു.

ഇൻകുമ്പൻസി രജിസ്റ്റർ, പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ, കാഷ്വൽ ലീവ് രജിസ്റ്റർ, മൂവ്മെന്റ് രജിസ്റ്റർ, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്. നിലവിൽ കെ-സ്മാർട്ട് ആയതിനാൽ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നില്ല. ജനറൽ കമ്മിറ്റി മിനിട്സ്, സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് എന്നിവ യഥാസമയം ക്ലോസ് ചെയ്ത് പരിപാലിക്കുന്നുണ്ട്. ഗ്രാമസഭ നിശ്ചിത ഇടവേളകളിൽ യോഗം ചേർന്നിട്ടില്ല. 2024-25 വർഷം രണ്ട് ഗ്രാമസഭകൾ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ഗ്രാമസഭ മിനിട്സ് എഴുതി സൂക്ഷിച്ചു വരുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗം കൂടി പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ സൂക്ഷിച്ച് വരുന്നു. തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ ശ്രദ്ധ പുലർത്തുന്നുണ്ടെങ്കിലും പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ സമയപരിധിക്കുള്ളിൽ തീർപ്പ് കല്പിക്കുകയും മരണപ്പെട്ടവരെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

വാഹന ഉപയോഗം സംബന്ധിച്ച് ലോഗ് ബുക്ക് പരിപാലിച്ച് വരുന്നു. ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി തീർപ്പ് കല്പിക്കാൻ നടപടി സ്വീകരിച്ച് കാണുന്നില്ല. പദ്ധതികളുടെ ആസൂത്രണം, അവയുടെ സംഘാടനം, ലക്ഷ്യപ്രാപ്തി, ഉദ്ദേശ്യ ശുദ്ധി എന്നിവയിൽ കുറച്ച് കൂടി ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഓരോ പദ്ധതികളും ആവിഷ്ക്കരിക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ കൃത്യമായി വിലയിരുത്തി, അവ പ്രായോഗിക തലത്തിൽ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ഗുണദോഷങ്ങൾ, ഫലപ്രാപ്തി എന്നിവ കൂടി കണക്കിലെടുത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ ശ്രദ്ധ

പുലർത്തേണ്ടതാണ്.

1-9-1 MGNREGA വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകൽ - അപാകതകൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച് 08.12.2022ലെ NREGA/41/2022-B1 സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2024-25 വർഷം നടപ്പാക്കിയ പദ്ധതികളിൽ പ്രസ്തുത സർക്കുലറിലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1. വ്യക്തിഗത ആനുകൂല്യത്തിന് അർഹരായ മുഴുവൻ ഗുണഭോക്താക്കളേയും വിളിച്ചുചേർത്ത് ഗ്രാമപഞ്ചായത്തു തലത്തിൽ ഗുണഭോക്തൃസംഗമം സംഘടിപ്പിച്ചിട്ടില്ല.

2. വ്യക്തിഗത ആസ്തി നിർമ്മാണം സംബന്ധിച്ച ജനകീയ എസ്റ്റിമേറ്റ് നിർബന്ധമായി തയ്യാറാക്കി ആയതിന്റെ പകർപ്പ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടില്ല.

3. ഓരോ പ്രവൃത്തിയുടേയും ആരംഭത്തിന് മുൻപായി ഗുണഭോക്താക്കൾക്ക് വർക്ക് ഓർഡർ നിശ്ചിത മാതൃകയിൽ നൽകിയിട്ടില്ല.

പ്രസ്തുത അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 19/തീ. 24.09.2025) തുടർ വർഷങ്ങളിൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചു. വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുമ്പോൾ NREGA/41/2022-B1 സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-9-2 MGNREGS പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല

MGNREGS-ന്റെ MIS റിപ്പോർട്ട് പ്രകാരം ചുവടെ ചേർത്തിട്ടുള്ള MGNREGS പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചതായി കാണുന്നില്ല. പ്രവൃത്തി പൂർത്തികരിക്കാത്തതിൻറെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 21/തീ. 24.09.2025) നല്കിയ മറുപടി ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രവർത്തിയുടെ പേര്	അടങ്കൽ തുക (രൂ.)	ചെലവഴിച്ച തുക (രൂ.)	പ്രവൃത്തി ആരംഭിച്ച തീയതി	പൂർത്തി കരിക്കേണ്ട തീയതി	പൂർത്തികരിക്കാത്തതിന്റെ കാരണം
1	2018 - 19 ഫാംപോണ്ട് നിർമ്മാണം വാർഡ് – 08 രവീന്ദ്രൻ ആശാരി (1614003005/ IF/379385)	89,000	12,420	05.02.2019	05.08.2019	പ്രവൃത്തി നടന്നുകൊണ്ടിരുന്നപ്പോൾ പാറ കാരണം പൂർത്തികരിക്കാൻ സാധിച്ചില്ല. ചെലവഴിച്ച തുകയുടെ പണി നടത്തിയിട്ടുണ്ട്. MGNREGS സെറ്റിൽ 30% Expenditure ആയാൽ മാത്രമേ GEOTAG ചെയ്ത് പ്രവർത്തി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ
2	2022-23 ജില്ലാപഞ്ചായത്ത് ട്രാൻസ്ജെൻഡർ ഭവന പദ്ധതി വാർഡ് – 11 പൂജ 11/336	28,000	16,794	15.10.2022	15.04.2023	ജില്ലാപഞ്ചായത്ത് കുടുംബശ്രീ വഴി നടപ്പിലാക്കിയ ഭവന പദ്ധതിയാണ്. എന്നാൽ Beneficiary ലിന്റൽ

	(1614003005/ IF/849020)					വരെയാണ് പണി പൂർത്തിയാക്കിയത്. ആയത് പ്രകാരം 54 തൊഴിൽദിനവും ആയതിന്റെ വേതനവും നൽകിയിട്ടുണ്ട്. പണി പൂർത്തികരിച്ചാൽ മാത്രമേ ബാലൻസ് 36 തൊഴിൽ ദിനം നൽകി പ്രവർത്തി പൂർത്തികരിക്കാൻ സാധിക്കുകയുള്ളൂ
3	Construction Of PMAY-G House For Individuals – PMAY-G REG. NO. KL147345837 (1614003005/IF/ IAY/153115)	33,210	16,172	15.10.2022	15.04.2023	PMAY ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തിയാണ്. ടി Beneficiary നിലവിൽ ജയിലിൽ ആണ്. വീട് പണി പൂർത്തികരിച്ചിട്ടില്ല. ആയതിനാൽ 38 ബാലൻസ് തൊഴിൽദിനങ്ങൾ നൽകാൻ സാധിച്ചിട്ടില്ല. പണി പൂർത്തികരിച്ചാൽ മാത്രമേ ബാലൻസ് 38 തൊഴിൽദിനം നൽകി പ്രവർത്തി പൂർത്തികരിക്കാൻ സാധിക്കുകയുള്ളൂ
4	Bharat Nirman Rajeev Gandhi Sewa Kendra, Navaikulam (1614003005/SK/103)	20,00,000	18,12,589			2012-13 സാമ്പത്തിക വർഷത്തെ പ്രവർത്തിയാണിത്. രാജീവ് ഗാന്ധി സേവാകേന്ദ്രമാണ്. ഇത് പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ MGNREGS- ന്റെ Site-ൽ ചെക്ക് മുഖേനെ Payment നടത്തിയിട്ടുള്ളതിനാൽ Technical Issue കാരണം WORK Completion ചെയ്യാൻ സാധിക്കുന്നില്ല
5	2021-22 അംഗൻവാടി നിർമ്മാണം ചിറ്റാറ്റ് (60) വാർഡ് – 18 (1614003005/ AV/276505)	12,00,000	11,655	15.12.2023	15.06.2024	MGNREGS-ന്റെ ഫണ്ട് മുഖേനെ ഉള്ള പ്രവർത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. ഫണ്ട് കുടിശ്ശിക ഉള്ളതിനാൽ WORK COMPLETION ചെയ്യാൻ സാധിച്ചിട്ടില്ല. ഫണ്ട് കിട്ടിയാലുടൻ WORK COMPLETION ചെയ്യുന്നതാണ്

6	2021-22 അംഗൻവാടി നിർമ്മാണം പുന്നവിള (79) വാർഡ് - 21 (1614003005/ AV/276507)	12,00,000	4,75,702	25.06.2023	25.12.2023	MGNREGS-ന്റെ ഫണ്ട് മുഖേനെ ഉള്ള പ്രവർത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. ഫണ്ട് കുടിശ്ശിക ഉള്ളതിനാൽ WORK COMPLETION ചെയ്യാൻ സാധിച്ചിട്ടില്ല. ഫണ്ട് കിട്ടിയാലുടൻ WORK COMPLETION ചെയ്യുന്നതാണ്
7	2023-24 കമ്പോസ്റ്റ് പിറ്റ് നിർമ്മാണം വാർഡ് - 16 സിന്ധു 16/198 (1614003005/ IF/1000866)	20,000	5,082	05.01.2024	05.07.2024	BENEFICIARY വർക്ക് പൂർത്തികരിച്ചിട്ടില്ല.
8	2023-24 കമ്പോസ്റ്റ് പിറ്റ് നിർമ്മാണം വാർഡ് - 19 ശ്രീകല ബി. എസ്. 19/98 (1614003005/ IF/1002143)	20,000	5,082	05.01.2024	05.07.2024	പ്രവർത്തി പൂർത്തികരിച്ചു. ഫണ്ട് ലഭ്യമാകാൻ ഉണ്ട്. ലഭ്യമായാൽ ഉടൻ WORK COMPLETION ചെയ്യുന്നതാണ്
9	2023-24 കമ്പോസ്റ്റ് പിറ്റ് നിർമ്മാണം വാർഡ് - 20 ദിലീപ് കുമാർ 20/41 (1614003005/ IF/1049205)	20,000	4,332	03.03.2024	03.09.2025	പ്രവർത്തി പൂർത്തികരിച്ചു. ഫണ്ട് ലഭ്യമാകാൻ ഉണ്ട്. ലഭ്യമായാൽ ഉടൻ WORK COMPLETION ചെയ്യുന്നതാണ്
10	2023-24 കോഴിക്കൂട് നിർമ്മാണം വാർഡ് – 20 ഗീത ബി. 20/305 (1614003005/ IF/1049209)	97,000	16,512	01.03.2024	01.09.2024	പ്രവർത്തി പൂർത്തികരിച്ചു. ഫണ്ട് ലഭ്യമാകാൻ ഉണ്ട്. ലഭ്യമായാൽ ഉടൻ WORK COMPLETION ചെയ്യുന്നതാണ്
11	2023-24 ആട്ടിൻ കൂട് നിർമ്മാണം വാർഡ് - 14 സുലജ (14/79) (1614003005/ IF/1053208)	1,00,000	23,091	10.02.2024	10.08.2025	പ്രവ്യത്തി പൂർത്തികരിച്ചു. ഫണ്ട് ലഭ്യമാകാൻ ഉണ്ട്. ലഭ്യമായാൽ ഉടൻ WORK COMPLETION ചെയ്യുന്നതാണ്
12	2022-23 തൊഴുത്ത് നിർമ്മാണം വാർഡ് – 16 ഗീത എസ്. (16/224) (1614003005/ IF/864385)	1,14,000	77,869	13.07.2023	13.01.2024	പ്രവ്യത്തി പൂർത്തികരിച്ചു. ഫണ്ട് ലഭ്യമാകാൻ ഉണ്ട്. ലഭ്യമായാൽ ഉടൻ WORK COMPLETION ചെയ്യുന്നതാണ്
13	2022-23 ലൈഫ്	28,000	23,636	01.11.2023	01.05.2024	Beneficiary വീട് പണി

	ഭവന പദ്ധതി വാർഡ് – 03 അനിത 03/356 (1614003005/ IF/873283)					പൂർത്തികരിച്ചിട്ടില്ല. നിലവിൽ ROOF Level വരെ ആണ് ചെയ്തിട്ടുള്ളത്. പണി പൂർത്തികരിച്ചാൽ മാത്രമേ ബാലൻസ് 14 തൊഴിൽ ദിനം നൽകി പ്രവൃത്തി പൂർത്തികരിക്കാൻ സാധിക്കുകയുള്ളൂ
14	2022-23 കംമ്പോസ്റ്റ് പിറ്റ് നിർമ്മാണം വാർഡ് – 17 ജയ പി. 17/04 (1614003005/ IF/873564)	20,000	1,332	10.07.2023	10.01.2024	BENEFICIARY വർക്ക് പൂർത്തികരിച്ചിട്ടില്ല
15	2022-23 ലൈഫ് ഭവന പദ്ധതി വാർഡ് – 05 അനിത 06/109 (1614003005/ IF/876955)	28,000	23,636	15.12.2024	15.06.2025	Beneficiary വീട് പണി പൂർത്തികരിച്ചിട്ടില്ല. നിലവിൽ ROOF Level വരെ ആണ് ചെയ്തിട്ടുള്ളത്. പണി പൂർത്തികരിച്ചാൽ മാത്രമേ ബാലൻസ് 14 തൊഴിൽ ദിനം നൽകി പ്രവൃത്തി പൂർത്തികരിക്കാൻ സാധിക്കുകയുള്ളൂ
16	2022-23 കിണർ നിർമ്മാണം (1614003005/ IF/882312)	54,000	29,244	01.03.2024	01.09.2024	പ്രവൃത്തി പൂർത്തികരിച്ചു. ഫണ്ട് ലഭ്യമാകാൻ ഉണ്ട്. ലഭ്യമായാൽ ഉടൻ WORK COMPLETION ചെയ്യുന്നതാണ്
17	2023-24 കിണർ നിർമ്മാണം വാർഡ് – 10 ഷീജ 10/390 (1614003005/ IF/940878)	57,000	32,148	10.01.2024	10.07.2024	പ്രവൃത്തി പൂർത്തികരിച്ചു. ഫണ്ട് ലഭ്യമാകാൻ ഉണ്ട്. ലഭ്യമായാൽ ഉടൻ WORK COMPLETION ചെയ്യുന്നതാണ്
18	2023-24 കിണർ നിർമ്മാണം ഷൈജു 15/418 വാർഡ് - 15 (1614003005/ IF/964664)	55,000	37,228	01.03.2024	01.09.2024	പ്രവൃത്തി പൂർത്തികരിച്ചു. ഫണ്ട് ലഭ്യമാകാൻ ഉണ്ട്. ലഭ്യമായാൽ ഉടൻ WORK COMPLETION ചെയ്യുന്നതാണ്
19	2023-24 ലൈഫ് ഭവന പദ്ധതി വാർഡ് – 10 സുശീല 10/405 (1614003005/ IF/971382)	30,000	2,562	01.11.2023	01.05.2024	Beneficiary വീട് പണി പൂർത്തികരിച്ചിട്ടില്ല. നിലവിൽ ROOF Level വരെ ആണ് ചെയ്തിട്ടുള്ളത്. പണി പൂർത്തികരിച്ചാൽ മാത്രമേ ബാലൻസ് 14 തൊഴിൽ ദിനം നൽകി

						പ്രവൃത്തി പൂർത്തികരിക്കാൻ സാധിക്കുകയുള്ളൂ

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്.

1-9 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ് (രൂ.)	ആകെ (രൂ.)	ചെലവ് (രൂ.)	നീക്കിയിരിപ്പ് (AFS പ്രകാരം)
ഭരണചെലവുകൾ	0	14,33,270.00	14,33,270.00	14,33,270.00	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	5,93,98,578.14	5,93,98,578.14	5,93,98,578.14	0
ആകെ	0	6,08,31,848.14	6,08,31,848.14	6,08,31,848.14	0

1-10-1 കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ കെട്ടിടങ്ങളുടെ വിവരം പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ നികുതി നാളിതുവരെ ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. സഞ്ചയ സോഫ്റ്റ്വെയറിൽ ഗ്രാമപഞ്ചായത്തിലെ 4, 5 എന്നീ വാർഡുകളിലെ 100 ച.മീറ്ററോ അതിൽ കൂടുതലോ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ വിവരം മാത്രം പരിശോധിച്ചതിൽ വസ്തു നികുതി നാളിതുവര ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കാത്ത കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	വാർഡ്/കെട്ടിട നം.	ഉടമയുടെ പേര്	കെട്ടിടത്തിന്റെ ഉപയോഗക്രമം	കെട്ടിട വിസ്തീർണ്ണം
1	4/320	ഷാഹുൽ ഹമീദ്	പാർപ്പിടം	102 M^2
2	4/412	ഓമനക്കുട്ടി	പാർപ്പിടം	112 M^2
3	4/485	സുലൈമാൻ	പാർപ്പിടം	145 M^2
4	4/501	ഹനീഫ്	പാർപ്പിടം	147 M^2
5	4/509	ഷംസുദ്ദീൻ	പാർപ്പിടം	101 M^2
6	4/588	ഷറഫുദ്ദീൻ	പാർപ്പിടം	133 M^2
7	4/655	ജാസ്മിൻ	പാർപ്പിടം	110 M^2
8	5/130	അബ്ദുൾ ലത്തീഫ്	പാർപ്പിടം	200 M^2
9	5/389	രാമചന്ദ്രൻ	പാർപ്പിടം	100 M^2
10	5/421	ബാലകൃഷ്ണൻ	പാർപ്പിടം	260 M^2
11	5/201	അബ്ദുൾ ഹക്കീം	പാർപ്പിടം	200 M^2
12	5/501	ഷജീർ	പാർപ്പിടം	250 M^2
13	5/513	ജയശ്രീ	പാർപ്പിടം	100 M^2

മേൽ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി നടപ്പാക്കിയതിലെ അപാകം കാരണമാണ് ഇപ്രകാരം സംഭവിച്ചതെന്നും അപാകം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 27/തീ.25.09.2025). ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം വസ്തു നികുതി ഡിമാന്റ് ചെയ്യാത്ത എല്ലാ കെട്ടിടങ്ങളുടെയും നികുതി ഡിമാന്റ് രേഖപ്പെടുത്തി കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-10-2 ഡാറ്റാ എൻട്രിയും കെ-സ്മാർട്ട് പോർട്ടിംഗും പൂർത്തീകരിച്ചിട്ടില്ല

പഞ്ചായത്ത് ഡയറക്ടറുടെ 23.01.2018ലെ സി-3 6865/11 നമ്പർ സർക്കുലർ പ്രകാരം സഞ്ചയ ഡേറ്റാ ബേസിലെ അപാകതകൾ പരിഹരിച്ച് 2013 മുതലുള്ള വസ്തു നികുതി നിർണയം അന്തിമമാക്കുന്നതിന് നിർദ്ദേശങ്ങൾ സഞ്ചയ സോഫ്റ്റ്വെയർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ ഡേറ്റാ എൻട്രി നടത്തി 01.04.2013 പ്രകാരമുള്ള നികുതി നാളിതുവരെയും നിർണയിച്ചിട്ടില്ല. കൂടാതെ 2025-26 സാമ്പത്തിക വർഷം മുതൽ പ്രസ്തുത കെട്ടിടങ്ങളുടെ വിവരം കെ-സ്മാർട്ട് മുഖേന പോർട്ട് ചെയ്തതായും കാണുന്നില്ല. സഞ്ചയ സോഫ്റ്റ്വെയർ, കെ-സ്മാർട്ട് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

Building ID	Ward Year	Ward	Door Number	Door Number Sub	Ownername	File Status	K-Smart Status
50238010020140	2012	17	226	A	NIL	Data Entry Started	Not Ported
50238010018494	2012	18	517		Seemanthini	Data Entry Started	Not Ported

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 29/തീ.26.07.2025) കെ-സ്മാർട്ടിൽ അപാകം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-10-3 അൺഎയ്ഡഡ് സ്കൂളുകളിൽ നിന്ന് വസ്തു നികുതി ഈടാക്കുന്നില്ല

1) 2023ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് പ്രകാരം (നം. 15(2)/ലെഗ്.എ)-2/2023/നിയമം, തീ. 28.03.2023) സർക്കാർ അംഗീകാരമുള്ള അൺഎയ്ഡഡ് വിദ്യാഭ്യാസ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകിയിരുന്ന വസ്തു നികുതി ഇളവ് 01.04.2023 മുതൽ ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന അൺഎയ്ഡഡ് സ്ഥാപനത്തിന് നാളിതുവരെ വസ്തു നികുതി ഡിമാന്റ് ചെയ്യുകയോ നികുതി പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

കെട്ടിട നമ്പർ	വിസ്തീർണം ച.മീ.	കെട്ടിട വിവരം	നൽകിയ ഇളവ്
12/102	100	റോസ് ഡെയിൽ സ്കൂൾ	സർക്കാർ (സെ. 207 (1) (ബി)) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ
12/103	280		
12/104	560		

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 41/തീ.27.09.2025ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിൽ നിന്നും 2025-26 വർഷം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയ താഴെപ്പറയുന്ന അൺ എയ്ഡഡ് സ്കൂളുകളുടെ കെട്ടിടങ്ങളുടെ വിവരവും പ്രസ്തുത കെട്ടിടങ്ങൾക്ക് 2023ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് പ്രകാരം നികുതി നിർണ്ണയിച്ച് ഡിമാന്റ് നോട്ടീസ് നൽകിയതിന്റെ വിവരവും ലഭ്യമാഅൺ ക്കാൻ നിർദ്ദേശിച്ചെങ്കിലും (ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 41/തീ.27.09.2025) ആയത് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

A) നളന്ദ പബ്ലിക് സ്കൂൾ.

B) മദർ ഇന്ത്യ ഹയർ സെക്കന്ററി സ്കൂൾ.

2023ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് പ്രകാരം കെട്ടിടങ്ങളുടെ നികുതി നിർണയ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-10-4 കെട്ടിടങ്ങളുടെ നികുതി കണക്കാക്കിയതിൽ അപാകം

1) 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തു നികുതി 60/- രൂപയാണ് (2023 മാർച്ച് 31 വരെ). എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഡബ്ലൂൺ ബാർ ഹോട്ടൽ റസ്റ്റോറന്റിന് 45/- രൂപ നിരക്കിലാണ് വസ്തു നികുതി കണക്കാക്കി ഈടാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നികുതി നാളിതുവരെ പുനർനിർണയിച്ചിട്ടില്ല. നികുതി കണക്കാക്കിയതിന്റെ വിശദാംശം ചുവടെ-

കെട്ടിട നമ്പർ	ഉടമയുടെ പേര്	ഉപയോഗക്രമം	വിസ്തീർണ്ണം	പ്രാബല്യ തീയതി
12/320	മണിലാൽ	റസ്റ്റോറന്റ്	333 M^2	2015 ഒന്നാം അർദ്ധവർഷം

ഇനം	ഈടാക്കിയ നികുതി (രൂ.)	ഈടാക്കേണ്ട നികുതി (രൂ.)
അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) (31.03.2023 വരെ)	45.00	60.00
അടിസ്ഥാന വസ്തു നികുതി	14,985.00	19,980.00
കാലപ്പഴക്കം (ഇളവ്)	2,997.00	ഇല്ല
ബഹുനില ഇളവ് (15%)	2,247.75	2,997.00
വഴി സൗകര്യം (വർദ്ധനവ്)(15 %)	2,997.00	2,997.00
വസ്തു നികുതി	12,738.00	19,980.00
ലൈബ്രറി സെസ്സ്	637.00	999.00
ആകെ നികുതി	13,375.00	20,979.00

01.04.2024, 01.04.2025 തീയതികളിൽ മുൻവർഷത്തെ നികുതിയുടെ 5% വർദ്ധനവും വരുത്തേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത നികുതി വർദ്ധനവും നാളിതുവരെ വരുത്തിയിട്ടില്ല. ഇക്കാര്യത്തിൽ അടിയന്തിരമായി തുടർ നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. അല്ലായെങ്കിൽ നികുതി നിർണയത്തിലെ അപാകം മൂലം, പഞ്ചായത്തിന് ഉണ്ടാകുന്ന നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കി കേരളാ പഞ്ചായത്ത് രാജ് ആക്ട്, 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

2) 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഷോപ്പുകൾക്ക് ചതുരശ്ര മീറ്ററിന് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തു നികുതി 60/- രൂപയാണ് (2023 മാർച്ച് 31 വരെ). എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ഷോപ്പുകളെ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തി 45/- രൂപ നിരക്കിലാണ് നികുതി ഡിമാന്റ് ചെയ്ത് തുക ഈടാക്കിയിട്ടുള്ളത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നമ്പർ	ഉടമയുടെ പേര്	ഉപയോഗക്രമം	വിസ്തീർണ്ണം
1	12/93 A	നൗഷാദ്	ഷോപ്പ്	160 M2
2	17/579 A	കണ്ണൻ	ഷോപ്പ്	190.98 M2
3	22/284 A	ഗീത	ഷോപ്പ്	140.12 M2

നികുതി നിർണയിക്കുന്നതിൽ കാലതാമസം നേരിടുന്നതിലൂടെ തുക കാലഹരണപ്പെടുന്നപക്ഷം 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 243 (3) പ്രകാരം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും 12 ശതമാനം പലിശ സഹിതം പ്രസ്തുത തുക ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നികുതി നാളിതുവരെ പുനർനിർണയിച്ചിട്ടില്ല.

01.04.2024, 01.04.2025 തീയതികളിൽ മുൻവർഷത്തെ നികുതിയുടെ 5% വർദ്ധനവും വരുത്തേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത നികുതി വർദ്ധനവും നാളിതുവരെ വരുത്തിയിട്ടില്ല.

മേൽ കെട്ടിടങ്ങളുടെ അപാകം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 28/തീ.26.08.2024). ഗ്രാമപഞ്ചാത്തിൽ ഇപ്രകാരം നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം വരവ് നഷ്ടമായി കണക്കാക്കി തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും.

1-10-5 വസ്തു നികുതി പരിഷ്കരണം - എല്ലാ കെട്ടിടങ്ങൾക്കും പുതുക്കിയ നിരക്കിൽ വസ്തു നികുതി നിർണയിച്ചില്ല

1) സ.ഉ(കൈ)നം. 77/2023/LSGD, തീ. 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ 01.04.2023ന് ശേഷം വസ്തു നികുതി നിർണയിച്ച വിവിധ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. കൂടാതെ 2024-25 വർഷം ഇപ്രകാരമുള്ള നികുതിയുടെ 5% വർദ്ധനവും വരുത്തിയിട്ടില്ല. ഉദാഹരണമായി 01.04.2023 മുതൽ നികുതി നിർണയിക്കുന്ന 300 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ ഭരണ സമിതി അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 6/- രൂപയാണ്. എന്നാൽ ആദ്യ പത്ത് വാർഡുകൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 5/- രൂപ നിരക്കിലാണ് വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയത്.

വാർഡ്	കെട്ടിട നം.	സബ് നം.	കെട്ടിട ഉപയോഗം	വിസ്തീർണം	01.04.2023 മുതൽ (രൂ.)	
					ഈടാക്കേണ്ട നിരക്ക്	ഈടാക്കിയ നികുതി നിരക്ക്
1	125	E	പാർപ്പിടാവശ്യം	66.8	6	5
1	547	A	പാർപ്പിടാവശ്യം	77.2	6	5
1	139	A	പാർപ്പിടാവശ്യം	87.45	6	5
1	409	B	പാർപ്പിടാവശ്യം	152.15	6	5
1	209	C	പാർപ്പിടാവശ്യം	165.43	6	5
1	257	B	പാർപ്പിടാവശ്യം	194.06	6	5
1	656	A	പാർപ്പിടാവശ്യം	202.83	6	5
2	342	C	പാർപ്പിടാവശ്യം	89.99	6	5
2	238	A	പാർപ്പിടാവശ്യം	118.5	6	5
2	612	A	പാർപ്പിടാവശ്യം	137.24	6	5
2	206	A	പാർപ്പിടാവശ്യം	163.17	6	5
2	328	A	പാർപ്പിടാവശ്യം	167.13	6	5
2	193	B	പാർപ്പിടാവശ്യം	170.01	6	5
2	177	B	പാർപ്പിടാവശ്യം	281.76	6	5
3	317	A	പാർപ്പിടാവശ്യം	61	6	5
3	313	D	പാർപ്പിടാവശ്യം	65	6	5
3	592	B	പാർപ്പിടാവശ്യം	66	6	5
3	533		പാർപ്പിടാവശ്യം	81.05	6	5
3	481	B	പാർപ്പിടാവശ്യം	103.87	6	5

3	102	B	പാർപ്പിടാവശ്യം	144.89	6	5
3	102	C	പാർപ്പിടാവശ്യം	173.2	6	5
4	188	C	പാർപ്പിടാവശ്യം	61	6	5
4	486	A	പാർപ്പിടാവശ്യം	75.77	6	5
4	88	G	പാർപ്പിടാവശ്യം	85.3	6	5
4	18	A	പാർപ്പിടാവശ്യം	90	6	5
4	698	A	പാർപ്പിടാവശ്യം	108.48	6	5
4	346	C	പാർപ്പിടാവശ്യം	119.56	6	5
4	489	A	പാർപ്പിടാവശ്യം	128.38	6	5
4	644	A	പാർപ്പിടാവശ്യം	135.39	6	5
4	295	A	പാർപ്പിടാവശ്യം	169.2	6	5
4	594	A	പാർപ്പിടാവശ്യം	176.88	6	5
4	398	A	പാർപ്പിടാവശ്യം	277.37	6	5
5	557	UA	പാർപ്പിടാവശ്യം	61.54	6	5
5	48	A	പാർപ്പിടാവശ്യം	67.62	6	5
5	699	A	പാർപ്പിടാവശ്യം	71.16	6	5
5	546	D	പാർപ്പിടാവശ്യം	73	6	5
5	791	A	പാർപ്പിടാവശ്യം	80	6	5
5	546	G	പാർപ്പിടാവശ്യം	94.83	6	5
5	35	A	പാർപ്പിടാവശ്യം	101	6	5
5	338	D	പാർപ്പിടാവശ്യം	154.97	6	5
5	338	C	പാർപ്പിടാവശ്യം	160.8	6	5
5	60	A	പാർപ്പിടാവശ്യം	172.87	6	5
5	121	A	പാർപ്പിടാവശ്യം	175.33	6	5
5	490	A	പാർപ്പിടാവശ്യം	183	6	5
5	284	B	പാർപ്പിടാവശ്യം	246.1	6	5
5	333	A	പാർപ്പിടാവശ്യം	247.55	6	5
6	270	B	പാർപ്പിടാവശ്യം	62.62	6	5
6	347	B	പാർപ്പിടാവശ്യം	72.59	6	5
6	205	B	പാർപ്പിടാവശ്യം	88.79	6	5
6	239	A	പാർപ്പിടാവശ്യം	92.83	6	5
6	205	A	പാർപ്പിടാവശ്യം	95.83	6	5
6	407	A	പാർപ്പിടാവശ്യം	136.46	6	5
6	221	A	പാർപ്പിടാവശ്യം	138.2	6	5
6	111	A	പാർപ്പിടാവശ്യം	158.15	6	5
6	533	B	പാർപ്പിടാവശ്യം	161.12	6	5
6	377	I	പാർപ്പിടാവശ്യം	259.46	6	5
7	55	A	പാർപ്പിടാവശ്യം	89.41	6	5
7	68	A	പാർപ്പിടാവശ്യം	103.15	6	5
8	7	J	പാർപ്പിടാവശ്യം	78.66	6	5
8	623	B	പാർപ്പിടാവശ്യം	88.44	6	5
8	626	D	പാർപ്പിടാവശ്യം	93.97	6	5

8	394	A	പാർപ്പിടാവശ്യം	103	6	5
8	455	A	പാർപ്പിടാവശ്യം	108.81	6	5
8	327	A	പാർപ്പിടാവശ്യം	160.72	6	5
8	165	C	പാർപ്പിടാവശ്യം	169.54	6	5
8	648	A	പാർപ്പിടാവശ്യം	171.18	6	5
8	117	C	പാർപ്പിടാവശ്യം	207.76	6	5
8	286	B	പാർപ്പിടാവശ്യം	258.56	6	5
8	467	A	പാർപ്പിടാവശ്യം	334	6	5
9	466	A	പാർപ്പിടാവശ്യം	89.44	6	5
9	245	B	പാർപ്പിടാവശ്യം	97.18	6	5
9	506	A	പാർപ്പിടാവശ്യം	108	6	5
9	262	D	പാർപ്പിടാവശ്യം	112.53	6	5
9	454	A	പാർപ്പിടാവശ്യം	178.41	6	5
9	495	B	പാർപ്പിടാവശ്യം	295.05	6	5
10	69	D	പാർപ്പിടാവശ്യം	62.56	6	5
10	145	C	പാർപ്പിടാവശ്യം	62.9	6	5
10	119	A	പാർപ്പിടാവശ്യം	64.4	6	5
10	524	B	പാർപ്പിടാവശ്യം	65	6	5
10	143	B	പാർപ്പിടാവശ്യം	65.62	6	5
10	495	A	പാർപ്പിടാവശ്യം	66	6	5
10	389	B	പാർപ്പിടാവശ്യം	68	6	5
10	111	C	പാർപ്പിടാവശ്യം	68.7	6	5
10	78	C	പാർപ്പിടാവശ്യം	73	6	5
10	542	A	പാർപ്പിടാവശ്യം	118.6	6	5
10	54	C	പാർപ്പിടാവശ്യം	126.76	6	5
10	568	B	പാർപ്പിടാവശ്യം	143.68	6	5
10	258		പാർപ്പിടാവശ്യം	176.98	6	5

2) 01.04.2023 മുതൽ നികുതി നിർണയിക്കുന്ന 300 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 6/- രൂപയും 300 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി 8/- രൂപയുമാണ്. കൂടാതെ 01.04.2024 മുതൽ നികുതി നിർണയിക്കുന്ന 300 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി ചതുരശ്ര മീറ്ററിന് 6.30 രൂപയും 300 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതി 8.40 രൂപയുമാണ്. എന്നാൽ 01.04.2024 മുതൽ വസ്തു നികുതി നിർണയിച്ച താഴെപ്പറയുന്ന 329.83 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള കെട്ടിടത്തെ **"300 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള കെട്ടിടം"** എന്ന ഗണത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 6.30 രൂപ നിരക്കിലാണ് വസ്തു നികുതി ഈടാക്കിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

കെട്ടിട നം.	ഉടമ	വിസ്തീർണം (ചതുരശ്ര മീറ്റർ)	നികുതി നിർണയിച്ചത്
18/280/A	വൽസല എസ്.	329.83	2024 ഒന്നാം അർദ്ധവർഷം

ഇനം	ഈടാക്കിയ നികുതി (രൂ.)	ഈടാക്കേണ്ട നികുതി (രൂ.)	യൂണിറ്റ്

അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ)	6	8	രൂപ
അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) (01.04.2024 മുതൽ)	6.3	8.4	രൂപ
അടിസ്ഥാന വസ്തു നികുതി	2,077.929	2,770.572	രൂപ
ഇളവ്	ഇല്ല	ഇല്ല	
വർദ്ധനവ്			
(എ) വഴി സൗകര്യം (20%)	415.5858	554.1144	രൂപ
(ബി) തറ നിർമ്മിതി (15%)	311.68935	415.5858	രൂപ
(സി) എയർ കണ്ടീഷനിംഗ്	0	0	രൂപ
(ഡി) ആകെ വർദ്ധനവ്	35	35	%
(ഇ) ആകെ വർദ്ധനവ്	727.27515	969.7002	രൂപ
ആകെ വസ്തു നികുതി	2,806.00	3,741.00	രൂപ
ലൈബ്രറി സെസ്സ്	141.00	188.00	രൂപ
ആകെ നികുതി	2,947.00	3,929.00	രൂപ

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 33/തീ.26.09.2025). ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-10-6 കെട്ടിടങ്ങളുടെ ഇളവ് നൽകൽ - അപാകങ്ങൾ

1) വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകൾക്ക് നൽകുന്ന ഇളവ് വീടുകൾക്ക് നൽകി

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 207-ാം വകുപ്പ്, 1(ബി) ഉപവകുപ്പ് പ്രകാരം സർക്കാർ വകയോ, എയ്ഡഡോ സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന സ്വകാര്യ വ്യക്തിയുടെ വീടുകൾക്ക് "വിദ്യാഭ്യാസ സ്ഥാപനം - വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ (സെ.207 (1)-ബി)" എന്ന ഇളവ് രേഖപ്പെടുത്തി വസ്തു നികുതിയിൽ നിന്നും ഇളവ് നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങൾക്ക് ഇളവ് നൽകി തുടങ്ങിയ കാലയളവിന് മുമ്പ് വരെ വസ്തു നികുതി അടവാക്കിയിട്ടുള്ളതായും സഞ്ചയയിൽ രേഖപ്പെടുത്തൽ ഉണ്ട്. കെട്ടിടത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു-

ക്രമ നം.	കെട്ടിട നം.	വിസ്തീർണം (ച.മീ)	ഉടമ	ഉപയോഗക്രമം	ഇളവ്	ഇളവ് കാലയളവ്
1	2/19	110	ഹഫ്സാബീവി	പാർപ്പിടം, വീടുകൾ	വിദ്യാഭ്യാസ സ്ഥാപനം-എയ്ഡഡ് - വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ – (സെ.207(1)-ബി)	2012 രണ്ടാം അർദ്ധ വർഷം മുതൽ
2	2/130 B	82	സുധീർ സിനി	പാർപ്പിടം, വീടുകൾ	വിദ്യാഭ്യാസ സ്ഥാപനം-സർക്കാറിന്റെ ധന സഹായത്തോടെ പ്രവർത്തിക്കുന്നവ - വിദ്യാർത്ഥികൾ താമസിക്കുന്ന	2013 ഒന്നാം അർദ്ധ വർഷം മുതൽ

					ഹോസ്റ്റൽ - (സെ.207 (1)-ബി)	

2) വാണിജ്യാവശ്യത്തിനുള്ളതും വ്യാവസായികാവശ്യത്തിനുള്ളതുമായ കെട്ടിടങ്ങൾക്ക് ഇളവ് നൽകി

ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന വാണിജ്യാവശ്യത്തിനുള്ളതും വ്യാവസായിക ആവശ്യത്തിനുള്ളതുമായ കെട്ടിടങ്ങൾക്ക് സഞ്ചയ സോഫ്റ്റ്വെയറിൽ തെറ്റായ ഇളവ് രേഖപ്പെടുത്തി നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്.

ക്രമ നം.	കെട്ടിട നം.	ഉടമ	വിസ്തീർണം	ഉപയോഗക്രമം	സഞ്ചയയിൽ രേഖപ്പെടുത്തിയ ഇളവ്
1	10/335 B	മുബീന.എച്ച്/ ഷിഹാബുദ്ദീൻ	20	ഷോപ്പുകൾ	അറുപത് ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള പാർപ്പിടം - സർക്കാർ ഉത്തരവ് (എം. എസ്.) നം. 358/15
2	12/282	ജനിത	29.1	ഷോപ്പുകൾ	
3	9/624	ഷാനവാസ്	15	ഷോപ്പിംഗ് മാളുകൾ	സർക്കാരോ അർദ്ധ സർക്കാർ സ്ഥാപനങ്ങളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സൗജന്യമായി നിർമ്മിച്ചുകൊടുത്ത വാസഗൃഹം (സെ. 207 (1)-ജെ)
4	10/285	മുഹമ്മദ് കണ്ണ്	15	ഇതര വ്യവസായം	
5	12/307	അബ്ദുൽ നാസർ	18	ഷോപ്പുകൾ	വിദ്യാഭ്യാസ സ്ഥാപനം- എയിഡഡ് (സെ. 207 (1)-ബി) - വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനുമുള്ള കെട്ടിടങ്ങൾ
6	8/293/A	ഷാജഹാൻ	12	വാണിജ്യാവശ്യം	"കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള ഭരണഘടനയുടെ 285 അനുഛേദം അനുസരിച്ച് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടം

നികുതി നിർണയിക്കുന്നതിൽ കാലതാമസം നേരിടുന്നതിലൂടെ തുക കാലഹരണപ്പെടുന്നപക്ഷം 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 243(3) പ്രകാരം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും 12 ശതമാനം പലിശ സഹിതം പ്രസ്തുത തുക ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നികുതി നാളിതവരെ പുനർനിർണയിച്ചിട്ടില്ല. 01.04.2024, 01.04.2025 തീയതികളിൽ മുൻവർഷത്തെ നികുതിയുടെ 5% വർദ്ധനവും വരുത്തേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത നികുതി വർദ്ധനവും നാളിതുവരെ വരുത്തിയിട്ടില്ല.

മേൽ കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി നടപ്പാക്കിയതിലെ അപാകം കാരണമാണ് ഇപ്രകാരം സംഭവിച്ചതെന്നും അപാകം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 30/തീ.26.09.2025). ഗ്രാമപഞ്ചാത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് ഇപ്രകാരം വസ്തു നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ നികുതി ഡിമാന്റ് രേഖപ്പെടുത്തേണ്ടതും കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-10-7 വസ്തു നികുതിയുടെ വാർഷിക വർദ്ധനവ് നൽകാതെ നികുതി ഡിമാന്റ് ചെയ്തു

സ.ഉ (കൈ).77/2023/തസ്വഭവ., തീ. 22.03.2023 പ്രകാരം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5 ശതമാനം വീതം വർദ്ധനവ് വരുത്തി തുടർന്നുള്ള അഞ്ച് വർഷങ്ങളിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് മുൻവർഷത്തെ നികുതിയുടെ 5 % വർദ്ധനവ് വരുത്തിയല്ല തുടർവർഷങ്ങളിൽ നികുതി നിർണയിച്ചിട്ടുള്ളത്.

കെട്ടിട നം.	ഉപയോഗം	വിസ്തീർണം	2023-24ലെ വാർഷിക നികുതി	2024-25 വർഷത്തേയ്ക്ക് നിർണയിക്കേണ്ട നികുതി	2024-25ലേയ്ക്ക് നിർണയിച്ച നികുതി
17/627	പാർപ്പിടം	110.49	836	878	836

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 38/തീ.27.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചാത്തിൽ ഇപ്രകാരം വസ്തു നികുതി ഡിമാന്റ് ചെയ്യാത്ത എല്ലാ കെട്ടിടങ്ങളുടെയും നികുതി ഡിമാന്റ് രേഖപ്പെടുത്തി കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-10-8 നിയമാനുസൃതമല്ലാത്ത നിർമ്മാണം - രേഖകളുടെ സൂക്ഷിപ്പിലും തുടർ നടപടികളിലും അപാകം

1) 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 (എ)(എ), 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ മേൽ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം 10-ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയറിൽ ഗ്രാമപഞ്ചായത്തിലെ നിയമാനുസൃതമല്ലാത്ത 64 കെട്ടിടങ്ങളുടെ വിവരമാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ ലഭ്യമാക്കിയ രജിസ്റ്ററിൽ 25 കെട്ടിടങ്ങളുടെ വിവരം മാത്രമാണ് രേഖപ്പടുത്തിയിട്ടുള്ളത്.

2) തദ്ദേശ സ്വയം ഭരണ(ആർ.എ) വകുപ്പ് നം. 29342/ആർ.-എ1/2014, തീ. 19.05.2014 പ്രകാരം അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശ സ്ഥാപനങ്ങൾ സൂക്ഷിക്കേണ്ടതാണെന്നും അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിലും സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ചട്ടലംഘനങ്ങൾ പരിഹരിച്ച് നിയമാനുസൃതമാകുമ്പോഴും പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണെന്നും സെക്രട്ടറി ഓരോ മാസത്തിന്റെയും അവസാനത്തെ ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണെന്നും പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണെന്നും മേൽ സർക്കുലർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അനധികൃത കെട്ടിടങ്ങൾക്കെതിരെ സ്വകരിച്ച തുടർനടപടികളുടെ വിവരം രജിസ്റ്ററിൽ വ്യക്തമാക്കിയിട്ടില്ല. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (നം. 42/ തീ.27.09.2025). ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം വസ്തു നികുതി ഡിമാന്റ് ചെയ്യാത്ത എല്ലാ കെട്ടിടങ്ങളുടെയും നികുതി ഡിമാന്റ് രേഖപ്പെടുത്തി കുടിശ്ശിക തുക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-10-9 വിമുക്ത ഭടന്മാർക്ക് വസ്തു നികുതി ഇളവ് - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

സ.ഉ.(കൈ) നം.140/2023/LSGD, തീ. 07-07-2023 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക്, വസ്തു നികുതിയുടെ ഇളവ് ലഭിക്കുന്നതാനായി അഞ്ച് വർഷത്തിലൊരിക്കൽ ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ കെട്ടിടം, പിന്നീട് കൈമാറ്റം ചെയ്യപ്പെടുകയോ സ്വന്തം താമസ ആവശ്യത്തിനല്ലാതെ മറ്റ് ആവശ്യത്തിന് ഉപയോഗിക്കുകയോ, ആയത് കൃത്യസമയത്ത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവിയെ അറിയിക്കാതിരിക്കുകയോ ചെയ്യുന്നപക്ഷം രണ്ടിരട്ടി പിഴയോടുകൂടി (അറിയിക്കുന്ന സമയം വരെ) നികുതി ഈടാക്കാമെന്നുള്ള വ്യവസ്ഥകളും ഉൾപ്പെട്ട ഒരു സത്യവാങ്മൂലവും ലൈഫ് സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഗ്രാമപഞ്ചായത്തിൽ ഹാജരാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണെന്നും സ.ഉ(കൈ)നം.106/17/തസ്വഭവ. തീ.26.05.2017 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവുകൾ പ്രകാരമുള്ള രേഖകളും (ഇളവ് നൽകിയ 399 പേരിൽ 52 പേരുടെ അപക്ഷ മാത്രമാണ് ലഭ്യമാക്കിയത്) രജിസ്റ്ററുകളും ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (നം. 32/ തീ.26.09.2025). രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-10 വസ്തു നികുതി - അപാകങ്ങൾ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203 പ്രകാരം ഏതൊരു ഗ്രാമപഞ്ചായത്തും അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും (അതിനോട് ചേർന്നുകിടക്കുന്ന സ്ഥലത്തിനുൾപ്പെടെ) ആക്റ്റിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന ചട്ടങ്ങൾക്കും അനുസ്യൂതമായി വസ്തു നികുതി ചുമത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വസ്തു നികുതി പരിഷ്കരിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011 പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന്, 2013ൽ ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1-10-10 തനത് വരുമാനം - നികുതി നികുതിയേതര കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ അപാകം

1) കുടിശ്ശിക തുക ഈടാക്കുന്നില്ല

സ.ഉ.(സാധാ) നം.2858/2024/ധന., തീ. 22.03.2024, സ.ഉ.(സാധാ) നം.179/2022/ധന., തീ., 18.10.2022 പ്രകാരം സാമ്പത്തിക വർഷത്തിൽ തനത് നികുതി നികുതിയേതര പിരിവ് 90% പൂർത്തിയാക്കാത്ത തദ്ദേശ സ്ഥാപനങ്ങളുടെ പൊതു വിഭാഗം ഫണ്ടിൽ നിന്നും 1% തുക കുറവ് ചെയ്യുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ 2024-25ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന വിവിധ നികുതി നികുതിയേതര വരുമാനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ഇനം	തുക (രൂ.)
Receivables For Property Tax On Residential Buildings(Current)	3,23,287
Receivables For Property Tax On Residential Buildings (Arrears)	2,10,529
Receivables For Property Tax On Non-Residential Building(Current)	3,25,378
Receivables For Property Tax On Non-Residential Buildings (Arrears)	5,92,674
Rent Receivables From Buildings(Current)	19,500
Rent Receivables From Buildings(Arrears)	16,362
Receivables For Advertisement Tax (Arrears)	33,000

Receivables Towards Market Receipts(Arrears)	5,52,916
Receivables Towards Slaughter House(Arrears)	4,51,722

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.37/തീ.27.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) റവന്യൂ റിക്കവറി നടപടികൾ കാര്യക്ഷമമല്ല

റവന്യൂ വകുപ്പിന്റെ, റവന്യൂ റിക്കവറി പോർട്ടൽ മുഖേന നികുതി-നികുതിയിതര കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 243(1) പ്രകാരം ഗ്രാമപഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും തുക ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും പ്രസ്തുത നടപടി ആദ്യം ആരംഭിക്കാമായിരുന്നതായ തീയതി മുതൽ മൂന്ന് കൊല്ലം കഴിഞ്ഞതിന് ശേഷം ആരംഭിക്കുവാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ സമയബന്ധിതമായി നടപടിയെടുക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽ നിന്നും 12% പലിശ സഹിതം നഷ്ട തുക ഈടാക്കേണ്ടതാണെന്നും വകുപ്പ് 243(3)ൽ വ്യക്തമാക്കിയിട്ടുണ്ട്. റവന്യൂ റിക്കവറി വഴി നാളിതുവരെ കുടിശ്ശിക തുകയൊന്നും ഗ്രാമപഞ്ചായത്ത് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.37/തീ.27.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ കാര്യക്ഷമമാക്കി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന കുടിശ്ശിക തുക ഈടാക്കുന്നില്ല

2023ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്ട് പ്രകാരം (നം.15(2)/ലെഗ്.എ-2/2023/നിയമം, തീ. 28.03.2023) നികുതി, ഉപനികുതി, ഫീസ്, വാടക മുതലായവയുടെ കുടിശ്ശിക ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി, തന്റെ വാറണ്ട് പ്രകാരം, വീഴ്ച് വരുത്തുന്നവരുടെ, ജംഗമ വസ്തുക്കൾ ജപ്തി ചെയ്തു വിറ്റ് നേരിട്ട് ഈടാക്കാവുന്നതാണ്. കൂടാതെ ഏതെങ്കിലും കാരണത്താൽ വീഴ്ച വരുത്തുന്നവരുടെ വസ്തു ജപ്തി ചെയ്യുന്നതോ, വസ്തു പര്യാപ്തമാംവിധം ജപ്തി ചെയ്യുന്നതോ അപ്രായോഗികമാണെങ്കിൽ, സെക്രട്ടറിക്ക്, വീഴ്ചക്കാരെ മജിസ്ട്രേട്ട് മുമ്പാകെ പ്രോസിക്യൂട്ട് ചെയ്യാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കുടിശ്ശിക തുക ഇപ്രകാരം ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.37/തീ.27.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ കാര്യക്ഷമമാക്കി കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-11 തനത് വരുമാന വർദ്ധനവ് - ധനകാര്യ കമ്മീഷൻ ശുപാർശകൾ പ്രകാരമുള്ള സർക്കാർ നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടില്ല

1) കുടിശ്ശിക രജിസ്റ്റർ പരിപാലിക്കുന്നില്ല

സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി തനത് വരുമാനത്തിലെ കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണമെന്ന് ആറാം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ 01.06.2022ലെ സർക്കാർ ഉത്തരവ് നം. സ.ഉ.(കൈ)നം.117/2022/LSGD പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമുള്ള രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത് (ഓഡിറ്റ് എൻകൃയറി നം.31/തീ.26.09.2025). തുടർനടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

2) നികുതി-നികുതിയേതര വരുമാനങ്ങളുടെ അവലോകനം നടപ്പാക്കിയിട്ടില്ല

എല്ലാ നികുതി വരുമാനത്തിന്റെയും ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി, പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതുമാണെന്ന് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

കൂടാതെ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിൽ ഒരിക്കൽ ഗ്രാമസഭകളിൽ നടത്തേണ്ടതാണെന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഭരണസമിതി മിനിറ്റ്സും ഗ്രാമസഭ മിനിറ്റ്സും പരിശോധിച്ചതിൽ ഇപ്രകാരം നടപടികൾ സ്വീകരിച്ചിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത് (ഓഡിറ്റ് എൻകൃയറി നം.31/ തീ.26.09.2025) തുടർനടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3) നികുതി കുടിശ്ശിക വിവരം പ്രസിദ്ധീകരിച്ചിട്ടില്ല

കെട്ടിട നികുതിയിൽ വൻകുടിശ്ശിക വീഴ്ച വരുത്തുന്നവരുടെ പത്രിക ഗ്രാമപഞ്ചായത്തിന്റെ നോട്ടീസ് ബോർഡിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കേണ്ടതാണെന്ന് ആറാം ധനകാര്യ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ സ.ഉ(കൈ)നം.124/2022/തസ്വഭവ., തീ.15.06.2022 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ വിവിധ നികുതി-നികുതിയേതര തുകകൾ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവരുടെ പേരുവിവരങ്ങൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഏത് തുകയ്ക്കുമേൽ വീഴ്ച വരുത്തുന്നവരുടെ പേരുകളാണ് പ്രസിദ്ധീകരിക്കേണ്ടതെന്ന് അതത് ഗ്രാമപഞ്ചായത്തുകൾക്ക് തീരുമാനിക്കാം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം കുടിശ്ശിക വിവരം പ്രസിദ്ധീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. സർക്കാർ നിർദ്ദേശപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത് (ഓഡിറ്റ് എൻകൃയറി നം.31/തീ.26.09.2025) തുടർനടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി - അപാകതകൾ

1) നികുതി ഡാറ്റാ ബേസ് പൂർണമല്ല

1996ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ, വ്യക്തിയോ ഒരു അർദ്ധ വർഷത്തേക്ക് തൊഴിൽ നികുതി കൊടുക്കേണ്ടതാണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ളപക്ഷം തുടർന്നുള്ള അർദ്ധ വർഷത്തിൽ ഒരു നോട്ടീസ് പ്രകാരം പതിനഞ്ച് ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ സമർപ്പിക്കമെന്ന് ആവശ്യപ്പെടാവുന്നതും ചട്ടം 14, 16 എന്നിവ പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം ശമ്പളത്തിന്റെ സ്റ്റേറ്റ്മെന്റ് സഹിതം സമർപ്പിക്കുവാൻ നിർദ്ദേശിക്കാവുന്നതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലെ ഇപ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സ്ഥാപനം സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യ ഭാഗത്ത് രേഖപ്പെടുത്തുന്ന സ്ഥാപനങ്ങളുടെ പട്ടികയെ അടിസ്ഥാനമാക്കിയാണ് ഓരോ അർദ്ധ വർഷത്തിലും നികുതി ഡിമാന്റ് ചെയ്യുന്നത്. കൂടാതെ പഞ്ചായത്ത് പരിധിയിലെ കമ്പനികൾ, ഷോപ്പുകൾ മുതലായ സ്ഥാപനങ്ങളുടേയോ ജീവനക്കാരുടേയോ വിവരവും ഇതിൽ രേഖപ്പെടുത്തുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.39/തീ.27.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) റേഷൻകടകളിൽ നിന്നും കരാറുകാരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലുള്ള റേഷൻകടകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. കൂടാതെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.39/തീ.27.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-13 വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നതിലെ അപാകം

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം

പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. രജിസ്റ്റർ പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷത്തിൽ 297 വളർത്തുനായകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ 2024-25 വർഷത്തിൽ 32 നായകൾക്ക് മാത്രമാണ് ലൈസൻസ് നൽകിയത്. വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നതിൽ പുരോഗതി കൈവരിച്ചിട്ടില്ല. തുടർവർഷങ്ങളിൽ ലൈസൻസ് നൽകുന്നതിൽ സ്ഥാപനത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. ലൈസൻസ് നൽകാത്തതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.40/ തീ.27.09.2025) മറുപടി ലഭ്യമാക്കിയില്ല. സമയബന്ധിതമായി ലൈസൻസ് എടുക്കാത്തവരിൽ നിന്നും പിഴ ഉൾപ്പെടെ ഉള്ള നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 270, 271, 1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ല. കൂടാതെ ചട്ടം3(2) പ്രകാരം സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ, ഫോറം 1-ൽ സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

പാർവ്വതി ക്ലിനിക്കൽ ലബോറട്ടറി കിഴക്കനേല, അർജുൻ ലബോറട്ടറി ഡീസെന്റ് മുക്ക് എന്നീ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടില്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് ഓഡിറ്റ് എൻകയറിക്ക് മറുപടിയായി ടി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനു കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതിന് ശേഷം ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും വരും വർഷങ്ങളിൽ സ്വകാര്യ ആശുപത്രി/ പാരാമെഡിക്കൽ സ്ഥാപങ്ങളുടെ രജിസ്ട്രേഷൻ/ ലൈസൻസ് സമയബന്ധിതമായി നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ് എന്നും അറിയിക്കുന്നു.

1-15 വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന വ്യാപാര സ്ഥാപനങ്ങളുടെ 2024-25 സാമ്പത്തിക വർഷത്തെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടോയെന്നും കൃത്യമായി അറിയുവാൻ സാധിക്കുന്നില്ല. വ്യാപാര സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് കൃത്യമായി നൽകുന്നതിനും നികുതി വരുമാനം ഉറപ്പ് വരുത്തുന്നതിനും കഴിയുകയില്ല. കൂടാതെ നികുതി പിരിവ് പൂർണ്ണമായും കാര്യക്ഷമമായും നടത്തുവാനും കഴിയാതെ വരുന്നു. ഇത് തനത് ഫണ്ടിന്റെ ശോഷണത്തിന് കാരണമായിത്തീരുന്നു. വാർഡ് അടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ ലിസ്റ്റ് ഓരോ സാമ്പത്തിക അർദ്ധവർഷവും കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-16 പ്രവൃത്തി പൂർത്തീകരണം - വൈകിയ കാലയളവിന്റെ പിഴ - തുക ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാനുവൽ 2012 ഖണ്ഡിക 2112 പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കേണ്ടതാണ്. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ ദീർഘീകരണത്തിനുള്ള

അപേക്ഷ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന കാലാവധി തീരുന്നതിന് മുൻപായി നൽക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ നിശ്ചിത കാലാവധിയുടെ 20 ശതമാനം സമയം കൂടി ദീർഘിപ്പിച്ച് നൽകാവുന്നതുമാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് അത്തരത്തിലുള്ള അപേക്ഷ നൽകിയതായി കാണുന്നില്ല. ദീർഘീകരണത്തിന് അപേക്ഷ നൽകാതെ പ്രവൃത്തി പൂർത്തീകരണം വൈകിയ കാലയളവിന് ആദ്യത്തെ 3 മാസത്തിന് PAC-യുടെ 1% തുകയും തുടർന്നുള്ള ഓരോ മുന്ന് മാസങ്ങൾക്ക് 2% തുകയും പിഴയായി ഈടാക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തിയിൽ പൂർത്തീകരണം വൈകിയതിൽ പിഴ തുക ഈടാക്കിയിട്ടില്ല. കൂടാതെ ഈ പ്രവർത്തിക്ക് ഇൻഷുറൻസും എടുത്തിട്ടില്ല.

ക്രമ നം.	പ്രവർത്തിയുടെ പേര്, നമ്പർ	കോൺട്രാക്ടർ	കോൺട്രാക്ട് തുക (രൂ.)	അനുവദിച്ച കാലയളവ്	പൂർത്തീകരിച്ച കാലയളവ്
01	302/25 പറക്കുന്ന് കാഞ്ഞിരംവിള നടപ്പാലം നിർമ്മാണം	ഗുരുദാസ് എസ്.	3,64,850	4 മാസം – 06.11.2023 മുതൽ 05.03.2024 വരെ	17.11.2024

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 35/തീ.27.09.2025ന് ഫൈൻ ഇനത്തിൽ 3,750/- രൂപ ഈടാക്കിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ പ്രവൃത്തി പൂർത്തീകരണം വൈകിയ കാലയളവിന്റെയും ഇൻഷുറൻസില്ലാത്തതിന്റെയും ഈടാക്കാൻ ബാക്കിയുള്ള പിഴ തുക കേരള പൊതുമരാമത്ത് മാന്വൽ 2012 പ്രകാരം ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 ജലജീവൻ മിഷൻ - അവലോകനം

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും 2024 -ഓടു കൂടി കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 05.07.2021ലെ 533/2020/Dpo/തിരു./ജെ.ജെ.എം. നമ്പർ കുറിപ്പിൽ വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത കുറിപ്പ് പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര സംസ്ഥാന വിഹിതം	50:50
സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം	15%
ഗുണഭോക്ത്യവിഹിതം	10%

ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിട്ടിയിൽ നിന്നും പഞ്ചായത്തിന് 2022-23 വർഷത്തിൽ രൂ.6,00,00,000/- ലഭിച്ചിട്ടുണ്ട്. ആയത് തനത് ഫണ്ടിൽ വരവ് വെച്ചിട്ടുണ്ട്. ഗുണഭോക്ത്യ വിഹിതമായി 2022-23 വർഷം 4,230/- രൂപയും 2023-24 വർഷം 87,216/- രൂപയും 2024-25 വർഷം 56,498/- രൂപയും പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് വാട്ടർ അതോറിട്ടിയ്ക്ക് പ്രസ്തുത തുക കൈമാറിയിട്ടില്ല. കൂടാതെ സ്ഥാപന വിഹിതം 15% തുകയും പഞ്ചായത്ത് വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടില്ല. വകയിരുത്തേണ്ട തുക സംബന്ധിച്ച വിവരം പഞ്ചായത്തിന് ലഭിച്ചിട്ടില്ല എന്നാണ് ഓഡിറ്റ് എൻകൃയറി നമ്പർ (4)-നുള്ള മറുപടിയായി അറിയിച്ചിട്ടുള്ളത്. വാട്ടർ അതോറിറ്റിയിൽ നിന്നും പഞ്ചായത്തിന് ലഭ്യമായ തുകയിൽ റോഡ് പുനരുദ്ധാരണത്തിനായി നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. 2025-26 വർഷം വാർഷിക പദ്ധതിയിൽ റോഡുകളുടെ പുനരുദ്ധാരണത്തിനായി രൂ.3,54,80,000/- വകയിരുത്തിയിട്ടുണ്ട്.

1-18 വയോജനങ്ങൾക്ക് കട്ടിൽ നല്കൽ - സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചിട്ടില്ല

പദ്ധതി നം./പേര്	New 135/25 – വയോജനങ്ങൾക്ക് കട്ടിൽ
അടങ്കൽ തുക	രൂ.8,00,000/- (വികസന ഫണ്ട് – രൂ.2,56,470/-, തനത് ഫണ്ട് – രൂ.5,43,530/-)
ചെലവ് തുക	രൂ.2,56,470/-
ബിൽ നം./തീയതി	693/14.03.2025
നിർവഹണ ഉദ്യോഗസ്ഥ	ഐ.സി.ഡി.എസ്. സൂപ്പർ വൈസർ

ശയ്യാവലംബരായ നിർധന രോഗികളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി യൂണിറ്റ് ചെലവ് 4,350/- രൂപയിൽ അധികരിക്കാതെ 1.98 മീറ്റർ നീളം, 90 Cm വീതി 8 Mm കനമുള്ള പ്ലൈവുഡ് ഉറപ്പിച്ച സ്റ്റീൽ/മരത്തടിയിൽ പണിത കട്ടിൽ വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്.

പദ്ധതി പ്രകാരം 1.98 മീറ്റർ നീളവും 90 Cm വീതിയുമുള്ള (Front Leg-60, Back Leg-50) 85 കട്ടിൽ ആർട്ട്കോയിൽ നിന്ന് 2,56,470/- രൂപയ്ക്ക് (ഇൻവോയ്സ് നം. 2024-25 TVM 549/തീ.11.03.2025) ടെൻഡർ കൂടാതെ വാങ്ങി. സബ്സിഡി മാർഗ്ഗരേഖ പ്രകാരം 1.98 മീറ്റർ നീളവും 90 Cm വീതിയുമുള്ള കട്ടിൽ 8 മില്ലീ മീറ്റർ കനമുള്ള പ്ലൈവുഡ് ഘടിപ്പിച്ച കട്ടിലാണ് വാങ്ങേണ്ടത്. ഈ സ്പെസിഫിക്കേഷനുള്ള കട്ടിൽ, ആർട്ട്കോയുടെ പ്രൈസ് ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല (G.O.(Rt)No.30/2024/SPD തീ.07.03.2024). പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ ടെൻഡർ കൂടാതെയാണ് വാങ്ങിയിരിക്കുന്നത്. കൂടാതെ വാങ്ങൽ പ്രൊക്യുർമെന്റ് കമ്മിറ്റി അംഗീകരിച്ച് ഗുണ നിലവാരം ഉറപ്പ് വരുത്തിയതായി കാണുന്നില്ല.

മേൽ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെ ഫർണിച്ചർ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകുയറിക്ക് (നം.11/തീ.20.09.2025) ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങിയതിനാലാണ് കുട്ടേഷൻ വിളിക്കാതിരുന്നതെന്നും ഭാവിയിൽ ആർട്ട്കോ നിർമ്മിക്കാത്ത സാധനങ്ങൾ കുട്ടേഷൻ സ്വീകരിച്ച് വാങ്ങുന്നതാണെന്നും അറിയിച്ചു.

സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചുകൊണ്ട് വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 മൃഗാശുപത്രിക്ക് ഫർണിച്ചർ വാങ്ങൽ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

പദ്ധതി നം., പേര്	New-159/25 – മൃഗാശുപത്രിക്ക് ഫർണിച്ചർ വാങ്ങൽ
അടങ്കൽ തുക	രൂ.20,000/- (മെയിന്റനൻസ് നോൺ റോഡ്)
ചെലവ് തുക	രൂ.20,000/-
ബിൽ നം./തീയതി	16/09.05.2024
നിർവഹണ ഉദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ

മൃഗാശുപത്രിക്ക് ഫർണിച്ചർ വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. സിഡ്കോയിൽ നിന്നുമാണ് ഫർണിച്ചർ വാങ്ങിയത്. എക്സിക്യൂട്ടീവ് ഹൈബാക്ക് റിവോൾവിംഗ് ചെയർ ഒരെണ്ണവും രണ്ട് കസേരകളുമാണ് (Hard Wood Arm Chair Rattened Seat And Back) വാങ്ങിയിട്ടുള്ളത്. 11.11.2024ലെ ഇൻവോയ്സ് നം. SSE TVM/P1/24-25/242 പ്രകാരം എക്സിക്യൂട്ടീവ് ഹൈബാക്ക് റിവോൾവിംഗ് ചെയറിന് 8,024/- രൂപയും Hard Wood Arm Chair-ന് 3,433/- രൂപയുമാണ് (GST ഒഴികെ) വില രേഖപ്പെടുത്തിയിരുന്നത്. എന്നാൽ സാധനങ്ങൾ സപ്ലൈ ചെയ്ത ബില്ലിൽ (ഇൻവോയ്സ് നം. TVM 24-25/0196) എക്സിക്യൂട്ടീവ് ഹൈബാക്ക് റിവോൾവിംഗ് ചെയറിന് 9,328/- രൂപയാണ് വില രേഖപ്പെടുത്തിയിരിക്കുന്നത്. സാധനങ്ങളുടെ വില, ഡെലിവറി ചാർജ്ജ് ഉൾപ്പെടെയുള്ള ജി. എസ്. റ്റി., ഡെലിവറി ചാർജ്ജ് (രൂ.755/-) എന്നിവ ഉൾപ്പെടെ 20,000/- രൂപ സിഡ്കോയ്ക്ക് നല്കിയിട്ടുണ്ട്. പ്രസ്തുത വാങ്ങലുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള വിലയേക്കാൾ അധിക വിലയ്ക്കാണ് ഹൈബാക്ക്

റിവോൾവിംഗ് ചെയർ വാങ്ങിയിട്ടുള്ളത്.

2) G.O.(Rt)No.97/2022/SPD., തീ. 23.12.2022 പ്രകാരം സിഡ്കോ നിർമ്മിച്ച ഉല്പന്നങ്ങൾ മാത്രം ഉത്തരവിലെ അനുബന്ധം **I** മുതൽ VI വരെയുള്ള നിരക്കുകൾക്ക് വിധേയമായി ടെൻഡർ കൂടാതെ നേരിട്ട് വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ പരാമർശിക്കാത്ത ഇനങ്ങൾ സ്റ്റോർ പർച്ചേസ് മാന്വൽ വ്യവസ്ഥകൾ പാലിച്ച് ടെൻഡർ നടപടി ക്രമങ്ങളിലൂടെ മാത്രമേ വാങ്ങാൻ പാടുള്ളൂവെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഹൈബാക്ക് റിവോൾവിംഗ് ചെയർ അനുബന്ധം **I** മുതൽ VI വരെയുള്ള ഇനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. എന്നാൽ കമ്മീഷൻ കൂടാതെയാണ് ഇത് സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുള്ളത്.

കൂടാതെ, സ്റ്റോർ പർച്ചേസ് വകുപ്പ് പുറപ്പെടുവിച്ച 02.02.2023ലെ SPD-A3/55/2022-SPD നമ്പർ സർക്കുലർ പ്രകാരം സ്റ്റോർസ് പർച്ചേസ് വകുപ്പിൽ നിന്നും ടെണ്ടർ ഇളവ് അനുവദിച്ച് നൽകിയിട്ടില്ലാത്ത എല്ലാ ഉല്പന്നങ്ങളും, (സ്ഥാപനം സ്വന്തമായി നിർമ്മിച്ചതാണെങ്കിലും അല്ലെങ്കിലും) സ്റ്റോർസ് പർച്ചേസ് മാന്വൽ നിഷ്കർഷിച്ചിരിക്കുന്ന മത്സര സ്വഭാവത്തിലൂടെയുള്ള കമ്മീഷൻ/ടെണ്ടർ നടപടി ക്രമങ്ങൾക്ക് വിധേയമായി മാത്രമായിരിക്കണം പൊതുസംഭരണം നടത്തേണ്ടത് എന്നും ഇപ്രകാരമല്ലാതെ നടത്തുന്ന എല്ലാ പൊതുസംഭരണങ്ങളും ക്രമവിരുദ്ധമായി കണക്കാക്കി ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്.

മേൽ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെ ഫർണിച്ചർ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകയറിക്ക് (നം.7/തീ.29.09.2025) അടുത്ത തവണ പദ്ധതികൾ തയ്യാറാക്കുമ്പോൾ നിബന്ധനകൾ പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കുന്നതാണെന്ന് അറിയിച്ചു. സ്റ്റോർസ് പർച്ചേസ് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്ന നിബന്ധനകൾ പാലിച്ചുകൊണ്ട് വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 ബഡ്സ് സ്കൂൾ പ്രവർത്തനം - അവലോകനം

നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ കീഴിൽ 15-ാം വാർഡിൽ വലിയകാവ് ചിറ്റായി കോഡ് എന്ന സ്ഥലത്ത് ഒരു ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നു. 2022-ലാണ് പ്രസ്തുത ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. ഓട്ടിസം ബാധിച്ച ഒരു കുട്ടിയും സെറിബ്രൽ പാൾസി ബാധിച്ച 2 കുട്ടികളും ഉൾപ്പെടെ 15 ആൺകുട്ടികളും 10 പെൺകുട്ടികളും ഇവിടെ പഠിക്കുന്നു. സ്കൂളിന്റെ പ്രവർത്തനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി യ്ക്ക് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിലുള്ള അവലോകനം ചുവടെ ചേർക്കുന്നു.

സ്കൂളിന്റെ അംഗീകാരം

ബഡ്സ് റീ ഹാബിലിറ്റേഷൻ സെന്റർ ആയതിനാൽ സ്ഥാപനത്തിന് വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തിനായി അപേക്ഷിച്ചിട്ടില്ല. എന്നാൽ 27/02/2024ൽ സാമൂഹ്യ നീതി വകുപ്പിന്റെ രജിസ്ട്രേഷൻ നടപടികൾക്കായി ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്.

അടിസ്ഥാന സൗകര്യം

സ്കൂളിലേയ്ക്ക് പോകാൻ റോഡ് സൗകര്യം ഉണ്ട്. ബഡ്സ് സ്കൂളിന് സ്വന്തമായി വാഹനമില്ല. കോൺട്രാക്ട് വ്യവസ്ഥയിൽ 13 പേർക്ക് സീറ്റിംഗ് കപ്പാസിറ്റിയുള്ള KL-22E-1196 എന്ന മിനി ബസിലാണ് കുട്ടികളെ സ്കളിൽ എത്തിക്കുന്നത്. 23 കുട്ടികൾ ബസ് സൌകര്യം പ്രയോജനപ്പെടുത്തുന്നു. 748 Sqft വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ ഒരു കുട്ടിയ്ക്ക് 40 Sqft എന്ന തോതിലുള്ള കെട്ടിട സൗകര്യം ലഭ്യമാണ്. റാമ്പ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ടോയ്ലറ്റ് സൗകര്യം ഉണ്ട്. കെട്ടിടത്തിന് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട് (G.O(M.S)148/09/LSGD., തീ.29.07.2009, G.O(M.S).20/2018/LSGD., തീ.07.02.2018 പ്രകാരം ഫിസിയോതെറാപ്പി മുറി, ഭക്ഷണ മുറി, വൊക്കേഷണൽ പരിശീലന മുറി എന്നീ സൗകര്യങ്ങൾ നിലവിലുണ്ട്.

ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ലഭിക്കുന്നില്ല. മെഡിക്കൽ ഓഫീസർ മാസത്തിലൊരിക്കൽ സന്ദർശനം നടത്തുന്നുണ്ട്. സന്ദർശന വിവരം

രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

യോഗങ്ങളുടെ വിവരം

2024-25-ൽ അഞ്ച് തവണ രക്ഷാകർത്തൃ യോഗം കൂടിയിട്ടുണ്ട്. 2024-25 വർഷം ബഡ്സ് സ്കൂളിൽ 6 PTA യോഗങ്ങളും 7 BMC (ബഡ്സ് സ്കൂൾ മാനേജിംഗ് കമ്മിറ്റി) യോഗങ്ങളും കൂടിയിട്ടുണ്ട്.

അധ്യാപകരുടെ വിവരം

(31.03.2025-ലെ കണക്ക് പ്രകാരമുള്ളത്) -

ക്രമ നം.	പേര്	വിദ്യാഭ്യാസ യോഗ്യത	വേതനം (രൂ.)
1	ശരണ്യ ചന്ദ്രൻ	Diploma In Special Education (MR)	34,190/-

മറ്റുള്ള ജീവനക്കാരുടെ വിവരം

അധ്യാപികയെ കൂടാതെ 2 ഹെൽപ്പർമാർ കൂടി ഉണ്ട്. 2024-25ലെ അധ്യാപക വിദ്യാർത്ഥി അനുപാതം 1 : 25 ആണ്.

ഫണ്ടുകളുടെ വിവരം

സ്ഥാപനത്തിന് തനത് ഫണ്ട്/പ്ലാൻ ഫണ്ട് എന്നിവ ലഭിക്കുന്നുണ്ട്. ഇവ കൂടാതെ മറ്റ് വരുമാന സ്രോതസ്സുകൾ കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടില്ല. ബഡ്സ് സ്കൂൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

1-21 മരുന്ന് വാങ്ങൽ - ജി.എസ്.ടി. - ടി.ഡി.എസ്. - കുറവ് ചെയ്തില്ല

പ്രോജക്ട് നം	SO086/25	SO168/25	SO236/25	SO164/25
പ്രോജക്ടിന്റെ പേര്	പി.എച്ച്.സി.-ക്ക് മരുന്നു വാങ്ങൽ	അതിദാരിദ്ര്യം മൈക്രോപ്ലാൻ മരുന്ന് വാങ്ങൽ	വയോജനങ്ങൾക്ക് ജീവിത ശൈലീ രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ (സ്പിൽ ഓവർ)	വയോജനങ്ങൾക്ക് ജീവിത ശൈലീ രോഗങ്ങൾക്കുള്ള മരുന്ന് വാങ്ങൽ
നിർവഹണം	മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി.	മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി.	മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി.	മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി.
അടങ്കൽ	രൂ.12,00,000/-	രൂ.1,00,000/-	രൂ.2,00,000/-	രൂ.8,00,000/-
ചെലവ്	രൂ.12,00,000/-	രൂ.1,00,000/-	രൂ.2,00,000/-	രൂ.8,00,000/-

പി.എച്ച്.സി.-യിലേയ്ക്ക് മരുന്നുകൾ വാങ്ങുന്നതിനാണ് മേൽ പദ്ധതികൾ രൂപീകരിച്ചിട്ടുള്ളത്. മേൽ പദ്ധതികൾ പ്രകാരം 2024-25 വർഷത്തിൽ ആകെ 23,00,000/- രൂപയ്ക്ക് മരുന്നുകൾ വാങ്ങിയിട്ടുണ്ട്. ഇതിൽ 22,95,800/- രൂപയ്ക്കും മരുന്നുകൾ വാങ്ങിയത് തിരുവനന്തപുരത്തെ ഇൻഹൗസ് ഡ്രഗ് ബാങ്കിൽ നിന്നുമാണ്. കൂടാതെ പാലിയേറ്റീവ് കെയർ പ്രോജക്ടുമായി ബന്ധപ്പെട്ടും മേൽ സ്ഥാപനത്തിൽ നിന്നും മരുന്നുകൾ വാങ്ങിയിട്ടുണ്ട്. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്തില്ല.

സ്ഥാപനം നേരിട്ട് ജി.എസ്.ടി. തുക അടവാക്കിയതിന്റെ രേഖകൾ മറുപടിയോടൊപ്പം ഹാജരാക്കുകയും അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട് (ഓഡിറ്റ് എൻകയറി നം.22/തീ.25.09.2025). 2,50,000/- രൂപയിൽ അധികരിക്കുന്ന

കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് മാത്രം തുക അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-22 ഇ.എം.എസ്. ഭവന പദ്ധതി - ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചതിന്റെ പൂർണമായ വിവരം ലഭ്യമാക്കിയില്ല

പ്രോജക്ട് നം	SO229/25
പ്രോജക്ടിന്റെ പേര്	ഇ.എം.എസ്. ഭവന പദ്ധതി - ഗുണഭോക്താക്കൾക്ക് അധിക വിഹിതം നൽകൽ
നിർവഹണം	വി.ഇ.ഒ., സർക്കിൾ - 2
അടങ്കൽ	രൂ.4,30,000/- (തനത് ഫണ്ട്)
ചെലവ്	രൂ.25,000/- (തനത് ഫണ്ട്)

ഇ.എം.എസ്. ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് സർക്കാർ ഉത്തരവ് പ്രകാരം സ.ഉ.(എം.എസ്). നം.52/2012/തസ്വഭവ., തീ.27.02.2012) അധികരിച്ച നിരക്കിൽ തുക അനുവദിക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. 5 ഗുണഭോക്താക്കൾക്ക് 5,000/- രൂപ നിരക്കിൽ ആകെ 25,000/- രൂപ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും തുക അനുവദിച്ചതിന്റെ ഫയൽ, രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കൾക്ക് പദ്ധതി കാലയളവിൽ അനുവദിച്ച തുകയും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻ വർഷങ്ങളിൽ ഉൾപ്പടെ അധിക തുക നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ചും ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ചും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വിവരത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതായി കാണുന്നത്. എന്നാൽ വിവിധ ഗുണഭോക്താക്കൾക്ക് ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുള്ളതും മേൽ പ്രോജക്ട് പ്രകാരം അധിക വിഹിതം അനുവദിച്ചിട്ടുള്ളതും വ്യത്യസ്ഥ ബാങ്ക് അക്കൗണ്ടുകളിലാണ്. ആയതിനാൽ പ്രസ്തുത ഗുണഭോക്താക്കൾക്ക് മുൻകാലങ്ങളിൽ പദ്ധതി തുക പൂർണമായും അനുവദിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിയുടെ (നം.15/തീ.24.09.2025) മറുപടിയിൽ പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട് കൈമാറിക്കിട്ടിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റാണ് ഓഡിറ്റിന് സമർപ്പിച്ചിട്ടുള്ളതെന്നും പ്രസ്തുത ഗുണഭോക്താക്കൾക്ക് മുൻകാലങ്ങളിൽ അധിക തുക അനുവദിച്ചിട്ടില്ല എന്ന് ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഉറപ്പാക്കിയ ശേഷമാണ് തുക അനുവദിച്ചിട്ടുള്ളത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും അനുവദിച്ച തുകയുടെയും തുടർന്ന് ഓരോ സാമ്പത്തിക വർഷവും അധിക വിഹിതം അനുവദിച്ചതിന്റെയും വിശദാംശം രേഖപ്പെടുത്തിയ രജിസ്റ്ററും അനുബന്ധരേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-23 ഭവന പുനരുദ്ധാരണം - പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ

വാസയോഗ്യമല്ലാത്ത ഭവനത്തിൽ താമസിക്കുന്ന ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് ധന സഹായം നൽകുന്നതിനായി 2021-22 മുതൽ വിവിധ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്ടുകൾ പ്രകാരം ആദ്യ ഗഡു കൈപ്പറ്റിയ വിവിധ ഗുണഭോക്താക്കൾ നിളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	പേര്	സാമ്പത്തിക വർഷം	ഗുണഭോക്താവിന് അനുവദിക്കുന്ന തുക (രൂ.)	ആദ്യ ഗഡു കൈപ്പറ്റിയ തീയതി	ആകെ കൈപ്പറ്റിയ തുക (രൂ.)
1	രമണൻ കാഞ്ഞിരം പൊയ്കയിൽ വീട്	2021-22	75,000	14.02.2022	40,000
2	ഇന്ദിര കുഴിവിള വീട്	2022-23	1,00,000	15.03.2023	50,000
3	മിനി ജി. പേഴുവിള പുത്തൻവീട്	2022-23	1,00,000	13.10.2023	50,000
4	ബിന്ദു ചരുവിളപുത്തൻവീട്	2022-23	1,00,000	13.10.2023	50,000
5	ഗീതു സുനിത ഭവൻ	2022-23	1,00,000	13.10.2023	50,000
6	മഞ്ജു ചരുവിള വീട്	2023-24	1,00,000	24.01.2024	50,000
7	രമ ചിന്നുഭവൻ	2023-24	1,00,000	05.01.2024	50,000
8	ഭാർഗ്ഗവൻ അഭിലാഷ് ഭവൻ	2023-24	1,00,000	12.03.2024	50,000

മേൽ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയതായി വി.ഇ.ഒ. അറിയിച്ചിട്ടുണ്ട് (എൻകയറി നം.22/25.09.2025). തുടർനടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-24 ജീ ബിൻ സ്ഥാപിക്കൽ - ജി.എസ്.ടി. - ടി.ഡി.എസ്. ഈടാക്കിയിട്ടില്ല

പ്രോജക്ട് നം	422/25
പ്രോജക്ടിന്റെ പേര്	ജീ ബിൻ സ്ഥാപിക്കൽ
നിർവഹണം	വി.ഇ.ഒ (സർക്കിൾ - 2)
അടങ്കൽ	രൂ.10,75,000/- (സി.എഫ്.സി. - രൂ.6,36,000/-, തനത് ഫണ്ട് – രൂ.3,31,500/-, മറ്റുള്ളവ – രൂ.1,07,500/-)
ചെലവ്	രൂ.7,52,500/- (സി.എഫ്.സി. - രൂ.6,36,000/-, തനത് ഫണ്ട് – രൂ.1,16,500/-)

ഗ്രാമപഞ്ചായത്തിലെ വീടുകളിലും സ്ഥാപനങ്ങളിലും ജീ ബിൻ വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. പദ്ധതി പ്രകാരം GeM മുഖനേ ടെൻഡർ നടപ്പാക്കിയതിൽ ഏറ്റവും കുറവ് തുക കാട്ട് ചെയ്ത ഇ-നാട് യുവജന കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്നും 4,290/- രൂപ നിരക്കിൽ 250 ബിന്നുകൾ 10,72,500/- രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. തൻവർഷം 7,52,500/- രൂപയാണ് സ്ഥാപനത്തിന് അനുവദിച്ചിട്ടുള്ളത്. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ മേൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്തില്ല.

മേൽ പ്രോജക്ട് 2025-26 വർഷം സ്പിൽ ഓവറായി നടപ്പാക്കുന്നുണ്ടെന്നും സ്ഥാപനത്തിന് അനുവദിക്കേണ്ട ബാക്കി തുകയിൽ നിന്നും ടി.ഡി.എസ്. കുറവ് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻകൃയറി നം.14/തീ.24.09.2025). തുടർനടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-25 ലൈഫ് ഭവന പദ്ധതി - ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

ലൈഫ് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് സ.ഉ(കൈ)നം.34/2018/ തസ്വഭവ., തീ.16.03.2018ലെ പ്രകാരം ഭവന നിർമ്മാണത്തിന്റെ ആദ്യഗഡു കൈപ്പറ്റി ആറ് മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കണം. എന്നാൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ വിവിധ ഗഡുക്കൾ കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

ലൈഫ് - പൊതുവിഭാഗം

ക്രമ നം.	പേര്	ആദ്യ ഗഡു കൈപ്പറ്റിയ തീയതി	ആകെ കൈപ്പറ്റിയ തുക (രൂ.)
1	ഷീലദേവി, ഉഷസ് ഭവൻ	18.02.2022	3,00,000/-
2	സന്ധ്യമോൾ, വയക്കൽ വീട്	18.02.2022	3,00,000/-

ലൈഫ് -പട്ടികജാതി വിഭാഗം

ക്രമ നം.	പേര്	ആദ്യ ഗഡു കൈപ്പറ്റിയ തീയതി	ആകെ കൈപ്പറ്റിയ തുക (രൂ.)
1	പ്രസന്ന, പ്രവീണ വിലാസം	22.03.2021	3,00,000/-
2	സുശീല, വട്ടവിള വീട്	22.03.2021	3,00,000/-
3	സുഭദ്ര, കാട്ടിൽ വീട്	27.02.2021	3,00,000/-
4	സിന്ധു, റോഡ് വിള പുത്തൻ വീട്	27.02.2021	40,000/-
5	സുഗന്ധി പുത്തൻ ചരുവിള വീട്	20.09.2021	3,00,000/-
6	ലീന കണ്ണൻ വിള വീട്	21.02.2023	2,00,000/-
7	ശ്രീജ പറങ്കിമാംവിള വീട്	27.02.2023	40,000/-
8	വസന്ത വട്ടവിള വീട്	13.07.2022	40,000/-
9	ലതി. ചരുവിള വീട്	17.03.2023	2,00,000/-
10	പ്രസന്ന നെല്ലിക്കുന്നം പുത്തൻ വീട്	24.08.2022	2,00,000/-
11	അനിത പറങ്കിമാം വിള വീട്	24.11.2022	2,00,000/-
12	സീന കണ്ണംവിള വീട്	24.11.2022	2,00,000/-
13	അജി എസ്., പുതുവൽവിള വീട്	27.02.2023	2,00,000/-
14	സന്ധ്യ ചരുവിള വീട്	17.03.2023	2,00,000/-
15	ബിന്ദു , കാട്ടിൽ വീട്	20.09.2021	2,00,000/-
16	അനിത ചരുവിള പുത്തൻവീട്	24.11.2022	3,00,000/-
17	പ്രസന്നകുമാരി, റോഡ് വിള പുത്തൻവീട	17.03.2023	2,00,000/-
18	സിന്ധു ചരുവിള വീട്	17.03.2023	2,00,000/-
19	മേരി, ചരുവിള വീട്	20.10.2023	2,00,000/-
20	റീന W/O കേശവൻ, ട്ടിൽവീട്	17.01.2024	40,000/-
21	ലില്ലി, സുചിത്ര ഭവൻ	20.10.2023	2,00,000/-

മേൽ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയതായി വി.ഇ.ഒ. അറിയിച്ചിട്ടുണ്ട് (എൻകവയറി നം. 13/തീ.24.09.2025). തുടർനടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-26 ഹെൽത്ത് ഗ്രാന്റ് വിനിയോഗം

1) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകയുടെ വിശദാശംം ചുവടെ ചേർക്കുന്നു.

വർഷം	എ.എഫ്.എസ്. പ്രകാരം ലഭിച്ച തുക
2021-22	0
2022-23	രൂ.6,39,346/-
2023-24	രൂ.17,25,528/-
2024-25	രൂ.13,11,028/-

2) ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	സ്കീം - 1	സ്കീം - 3	സ്കീം -4	ആകെ
2021-22	0	0	0	0
2022-23	0	രൂ.3,65,087	രൂ.1,83,002	രൂ.5,48,089
2023-24	0	രൂ.6,74,447	രൂ.3,72,637	രൂ.10,47,084
2024-25	0	രൂ.5,91,945	രൂ.1,36,036	രൂ.7,27,981

3) വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തെ പലിശയുൾപ്പെടെയുള്ള നീക്കിയിരിപ്പ് വിവരം ചുവടെ ചേർക്കുന്നു.

ഹെഡ്	ഇനം	തുക (Jt.)
320100202	Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs	5,46,707.00
320100204	Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres	8,06,041.00

2024-25 വർഷത്തെ പ്രോജക്ടിന് അംഗീകാരം ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിനാൽ പ്രോജക്ടുകൾ സ്പിൽ ഓവറാക്കിയിട്ടുണ്ട്.

4) നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

സ്കീം നം.	പേര്	2022-23 ചെലവ് (രൂ.)	2023-24 ചെലവ് (രൂ.)	2024-25 (രൂ.)	ആകെ (രൂ.)
3	രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	3,65,087	53,529	0	4,18,616
4	കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്	1,83,002	30,881	0	2,13,883
3	രോഗ നിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	0	6,20,918	5,91,945	12,12,863
4	കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്	0	3,41,756	1,36,036	4,77,792
	ആകെ	**5,48,089**	**10,47,084**	**7,27,981**	

അവലംബം ഓഡിറ്റ് എൻകവയറി നമ്പർ 3/തീ. 17.09.2025-നുള്ള മറുപടി

1-27 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല - 44,008/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ	143
പ്രോജക്ടിന്റെ പേര്	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക	രൂ.2,50,000/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം)
ചെലവ് തുക	രൂ.2,50,000/-
ബിൽ നം.	430/09-01-2025
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, (ഹോമിയോ)

മേൽ പദ്ധതി പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിലേയ്ക്കായി വകയിരുത്തിയ രൂ.2,50,000/- രൂപയിൽ 44,008 /- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാത്തതിനുള്ള കാരണം അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻകയറിക്ക് (നം.08/ തീ.19-09-2025) മറുപടിയായി ഹോംകോയിൽ നിന്നും ഒരു മാസത്തിനകം മരുന്ന് ലഭ്യമാക്കാം എന്ന് അറിയിപ്പ് ലഭിച്ചതിയായി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നത് വരെ 44,008 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-28 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല - 8,43,517/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
പദ്ധതി	185 - കോളനികളിൽ ബോർവെൽ നിർമ്മാണം
അടങ്കൽ	രൂ.9,00,000/- (ധനകാര്യ കമ്മിഷൻ ഗ്രാന്റ്)
ചെലവ്	രൂ.8,43,517/-രൂ
ബിൽ നം./തീയതി	407/30.12.2024 – രൂ.21,285/- 740/21.03.2025 – രൂ.8,22,232/-

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ കോളനികളിൽ ബോർവെൽ നിർമ്മാണം എന്ന പദ്ധതിക്കായി 8,43,517/- രൂപ ഭൂഗർഭ ജലവകുപ്പ് ജില്ലാഓഫീസറുടെ പേരിൽ ഡെപ്പോസിറ്റായി നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി തൻവർഷം പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ രണ്ടാം ഘട്ടവും പൂർത്തിയാകുന്ന മുറയ്ക്ക് സാക്ഷ്യപത്രം ലഭ്യമാക്കാമെന്നാണ് ഓഡിറ്റ് എൻകയറി (നം. 20/തീ.24.09.2025)യ്ക്ക് മറുപടി നൽകിയിട്ടുള്ളത്. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ലാത്തതിനാൽ പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം വിവരങ്ങൾ

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക
19	രൂ.99,000/-	രൂ.99,000/-	0

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
2	4/24	രൂ.6,000/-	രൂ.6,000/-	-	

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

– Nil -

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
1	ജനുവരി 2025	രൂ.1,500/-	രൂ.1,500/-	-	

4-2 സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	വർഷം	മുന്നിരിപ്പ്	വരവ് (രൂ.)	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച/ തിരിച്ചടച്ച തുക (രൂ.)	നീക്കിയിരിപ്പ്

ബ്ലോക്ക് പഞ്ചായത്ത്	2024-25	0	5,00,000	323 – ലൈഫ് ഭവന പദ്ധതി SCP	5,00,000	0
		0	16,60,000	17 – ലൈഫ് PMAY ഭവന പദ്ധതി SCP	16,60,000	0
		0	12,80,000	16 – ലൈഫ് PMAY ഭവന പദ്ധതി ജനറൽ	12,80,000	0
		0	4,18,500	5 – സ്നേഹസ്പർശം	4,18,500	0
		0	2,44,012	15 – ക്ഷീര സമൃദ്ധി	2,44,012	0
		0	9,21,400	20 – കേദാരം	9,21,400	0
		0	1,99,794	213 – കേദാരം (50)	1,99,794	0
		0	12,000	21 – ഓണക്കാല പൂകൃഷി	12,000	0
		0	20,000	215 - തരിശു കൃഷി വ്യാപനം	20,000	0
ജില്ലാ പഞ്ചായത്ത്	2024-25	0	35,000	321 – ഹരിത ഭവനം (Spill Over)	35,000	0
		0	33,935	19 – ഹരിത ഭവനം	33,935	0
		0	2,07,062	15 – ക്ഷീര സമൃദ്ധി	2,07,062	0
		0	4,18,500	5 – സ്നേഹസ്പർശം	4,18,500	0

വാർഷിക ധനകാര്യ പത്രിക പ്രകാരം

	2023 -24 B-4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് (രൂ.)	തൻ വർഷത്തെ വരവ് (രൂ.)	ആകെ (രൂ.)	സുലേഖ പത്രിക പ്രകാരം ചെലവ് (രൂ.)	നീക്കിയിരിപ്പ് (രൂ.)	24-25 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് (രൂ.)
ബ്ലോക്ക് പഞ്ചായത്ത്	12,50,948	52,55,706	65,06,654	52,55,706	12,50,948	12,50,948
ജില്ലാ പഞ്ചായത്ത്	1,77,196	6,94,497	8,71,693	6,94,497	1,77,196	1,77,196

4-3 നിക്ഷേപ പ്രവൃത്തികൾ

സുലേഖ ചെലവ് പത്രിക പ്രകാരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക (രൂ.)	തൻവർഷം ചെലവഴിച്ച തുക (രൂ.) (വിനിയോഗ സാക്ഷ്യപത്രം പ്രകാരം)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂ.)
കെ.എസ്.ഇ.ബി	പോസ്റ്റ് ഷിഫ്റ്റിംഗ്	1,57,560	-	1,57,560
ഗ്രൗണ്ട് വാട്ടർ അതോറിറ്റി	185 – കോളനികളിൽ ബോർവെൽ നിർമ്മാണം	8,43,517	21,285	8,22,232

വാർഷിക ധനകാര്യ പത്രിക പ്രകാരം

	മുന്നിരിപ്പ് (രൂ.)	2024-25 വർഷത്തെ നിക്ഷേപം (രൂ.)	ആകെ (രൂ.)	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ	നീക്കിയിരിപ്പ് (രൂ.)	2024-25 B-18 ഷെഡ്യൂൾ പ്രകാരം

				ഒടുക്കിയത് (രൂ.)		നീക്കിയിരിപ്പ് (രൂ.)
കെ.എസ്.ഇ.ബി.	30,23,777	1,57,560	31,81,337	-	31,81,337	31,81,337
ഗ്രൗണ്ട് വാട്ടർ അതോറിറ്റി	87,33,767	8,43,517	95,77,284	21,285	95,55,999	95,55,999
വാട്ടർ അതോറിറ്റി	64,63,704	-	64,63,704	-	64,63,704	64,63,704
PWD	17,40,000	-	17,40,000	-	17,40,000	17,40,000
അനെർട്ട്	7,04,001	-	7,04,001	(*)7,04,001	-	7,04,001

(*) അനെർട്ടിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രിക ബി-18 ഷെഡ്യൂളിൽ ആയത് നിലവിലും നീക്കിയിരിപ്പായി ചേർത്തിരിക്കുന്നു. അപാകത 1-1-17 ആയി ചേർത്തിരിക്കുന്നു.

4-4 മൊബിലൈസേഷൻ അഡ്വാൻസ്

– ഇല്ല –

4-5 വായ്പ/വായ്പ തിരിച്ചടവ്

വായ്പ വിവരം	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക (രൂ.)	തൻവർഷം ലഭിച്ച തുക (രൂ.)	ആകെ (രൂ.)	തൻവർഷം തിരിച്ചടച്ച തുക (രൂ.) (സുലേഖ ചെലവ് പത്രിക പ്രകാരം)	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂ.) (B-5 ഷെഡ്യൂൾ പ്രകാരം)
KURDFC	8,35,83,189	46,03,214	8,81,86,403	79,94,341	8,01,92,062

4-6 സ്ഥിര നിക്ഷേപം

FD നം.	തുക (രൂ.)	പലിശ നിരക്ക്	നിക്ഷേപ തീയതി	മെച്യൂരിറ്റി തീയതി	ബാങ്ക്
037193	3,45,022	8%	25.10.2024	26.09.2025	കേരള ബാങ്ക്

4-7 ഓഡിറ്റ് റിക്കവറി

– ഇല്ല –

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു

ഓഡിറ്റ് റിപ്പോർട്ട് വർഷം	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	പരാമർശം	നിലവിലെ അവസ്ഥ
2000-01	2004-05	3.2.1	മത്തനാട്ട് കുളം - മുൻകൂർ കൈപ്പറ്റിയിട്ടും പണി പൂർത്തിയാക്കിയിട്ടില്ല	സാങ്കേതിക റിപ്പോർട്ട് ലഭ്യമാകാത്ത പക്ഷം ബാദ്ധ്യത തുക ഉത്തരവാദികളിൽ നിന്നും ഈടാക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്
	2011-12	3.2.7	ആസ്തി രജിസ്റ്ററുകളുടെ	

		അനുബന്ധം 9	പരിപാലനം പൂർണ്ണമല്ല	
	2011-12	3.2.10 അനുബന്ധം 9	റോഡ് ചെയിനേജ് രേഖപ്പെടുത്തൽ – സർക്കാർ ഉത്തരവ് പാലിച്ചില്ല	
	2011-12	3.2.20	എഞ്ചിനിയറിംഗ് വിഭാഗത്തിൽ ജീവനക്കാരുടെ എണ്ണം അപര്യാപ്തം	നിലവിലുള്ള ഒഴിവുകൾ നികത്തുവാനും ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുവാനും ശുപാർശ ചെയ്തു
2015-16	2016-17	അദ്ധ്യായം 2	തൊഴിൽ നികുതി ഈടാക്കുന്നതിൽ കുടിശ്ശിക	
2021-22	2022-23	2.1.2.1	എല്ലാ വാർഡുകളിലും മിനി എം.സി.എഫ്. സ്ഥാപിച്ചില്ല	

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

– ഇല്ല –

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	രൂ.11,65,37,125
ഓഡിറ്റ് വർഷത്തെ വരവ്	രൂ.12,17,33,742
ആകെ	രൂ.23,82,70,867
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	രൂ.9,51,24,354
നീക്കിയിരിപ്പ്	രൂ.14,31,46,513
വരവിനങ്ങളിലെ നഷ്ടം	-
ചെലവിനങ്ങളിലെ നഷ്ടം	-
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	രൂ.8,87,525

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വരവിനത്തിലെ നഷ്ടത്തിന്റെ വിവരം

– ഇല്ല –

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (രൂ.)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1.27	44,008	ഡോ. ജിത വി. ആർ, മെഡിക്കൽ ഓഫീസർ, ഹോമിയോ
1.28	21,285 8,22,232	ശ്രീ. വിക്രമൻ പിള്ള, സെക്രട്ടറി ശ്രീമതി ബെറ്റി ജെ ട്രീസ, സെക്രട്ടറി
ആകെ	**8,87,525**	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ

വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല –

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ. ജിത വി. ആർ., മെഡിക്കൽ ഓഫീസർ, ഹോമിയോ	മെഡിക്കൽ ഓഫീസർ, ഹോമിയോ, നാവായിക്കുളം ഗ്രാമപഞ്ചായത്ത്	ശ്രീവത്സം, പ്ലാവറക്കോട്, ചന്തവിള, കാട്ടായിക്കോണം – 695584
ശ്രീ വിക്രമൻ പിള്ള, സെക്രട്ടറി	- വിരമിച്ചു -	ദേവകൃപ, നാവായിക്കുളം പി.ഒ. – 695603
ശ്രീമതി ബെറ്റി ജെ. ട്രീസ, സെക്രട്ടറി	സെക്രട്ടറി, നാവായിക്കുളം ഗ്രാമപഞ്ചായത്ത്	ആശിഷം, "നിറ -51", കുശവർക്കൽ റോഡ്, നാലാഞ്ചിറ – 695015

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2000-01	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022	1
2003-04	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022	1
2004-05	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022	4
2005-06	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022	6
2006-07	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022	3
2007-08	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022	4
2008-09	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022	2
2009-10	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022	4
2010-11	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022	3
2011-12	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022	16
2012-13	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022	8
2013-14	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022	12
2014-15	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022	4
2015-16	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022	10
2016-17	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1942/2022 തീയതി. 14.10.2022	8
2017-18	കെ.എസ്.എ.റ്റി.വി.എം/ജി.പി.9/498/2019 തീയതി. 16.04.2021	6
2018-19	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/403/2020 തീയതി. 11.08.2022	24
2019-20	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1739/2021തീയതി 18.08.2023	49
2020-21	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1018/2022 തീയതി 22.05.2023	23

2021-22	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/340/2023 തീയതി 20.03.2023	47
2022-23	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1296/2023 തീയതി 16.10.2023	55
2023 – 24	കെ.എസ്.എ.റ്റി.വി.എം/ജി.പി.12/1530/2024, തീയതി 06.11.2024	61

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 5(1) dated 11-07-2025 and submitted on 07-08-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Navayikulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Navayikulam Grama Panchayat as on 31-03-2025

Date: 17/12/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Navayikulam Grama Panchayat for the Year 2024-2025.

1.Major Observations

2.Other Observations

1. The annual ratios as required under Rule 62(2)(f) of the Kerala Panchayat Raj (Accounts) Rules, 2011, and the Notes to Accounts prescribed under Rule 62(2)(f) have not been prepared and submitted along with the Annual Financial Statements.

2. The adjusted B-1 Schedule showing the results of operations for the current year has not been submitted along with the Annual Financial Statements.

3. As per Rule 17(2) of the Kerala Panchayat Raj (Accounts) Rules, the Panchayat shall record the monthly demand for each item of accruable income through journal entries. However, the Panchayat has not raised monthly demands for Property Tax and Profession Tax. The entries have been recorded only at the end of the financial year 2024-25.

4. As per Rule 58(4)(a) of the Kerala Panchayat Raj (Accounts) Rules, a physical verification and reconciliation of stock shall be conducted at the end of each financial year. However, under Schedule B-14 of the Annual Financial Statements, the Stock in Hand has been recorded as nil.

5. Loan and deposit registers are not updated.

6. As per Rule 28 of the Kerala Panchayat Raj (Accounts) Rules, the Panchayat shall make provisions at the end of each financial year for expenses incurred but not yet paid. The cut-off date for determining such provisions shall be 30 days prior to the date of preparation of the Annual Financial Statements. However, for the financial year 2024 25, no provisions have been created in the Balance Sheet for expenses that could not be completed within the year (e.g., honorarium to elected representatives, fuel expenses, etc.).

7. Bank book of IDBM SBM Phase - **II** shows a credit balance for the period 26.06.2024 to 30.03.2025.

8. Accumulated depreciation value of - Other Fixed Assets (Rs. 5,46,198/-) exceeds its face value (Rs. 4,93,622/-).

9. Expenditure amount from Central Finance Commission apart (Tied & Untied) as shown in AFS (Rs. 82,17,797/- and Rs. 46,90,605/- respectively) differs with those recorded in the Grant Statement (Rs. 82,57,797/- and Rs. 4,65,551/-).

10. As per Bank reconciliation statements, an amount of Rs.7,000/- is shown as - cheque deposited but not credited in IOB A/c. No. 8034 Rs. 66,050/- in SBI A/c. NO. 70732. Of which the amount of Rs. 66,050/- is property tax received by way of e-payment.

11. Arrear demand amount of property tax on Residential and Non residential buildings as shown in AFS (Rs. 2,10,529/- & Rs. 5,92,674/- respectively) differs with those shown in the Sanchaya Software (Rs. 7,07,286/- and Rs. 5,14,264/- respectively).

12. An amount of Rs. 70,400/-) given to ANERT, for deposit work, has been ulitised and certificate issued by ANERT. However the amount has not been deducted from the outstanding advance in the B-18 schedule of Balance Sheet.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്